# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## അശമന്നൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം.പി2-1913/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 01/07/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അശമന്നൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : അശമന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അശമന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം.പി2-1913/21 തീയ്യതി: 01/07/2022

# എറണാകുളം ജില്ലയിലെ അശമന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ അശമന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 21-12-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.കെ എ ഷാജിമോൻ | ഡെപ്യൂട്ടി ഡയറക്ടർ | 08-12-2021 | 21-12-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 08-12-2021 | 21-12-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

എൻ.വിജയകുമാർ, ഓഡിറ്റ് ഓഫീസർ(ഹയർ ഗ്രേഡ്)
ജോസഫ് ജോർജ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
വിജു എം എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
അനീഷ് ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ

അനീഷ് ടി എസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| എൻ എം സലീം | പ്രസിഡന്റ് | 01-04-2020 | 07-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് ഭരണം | പ്രസിഡന്റ് | 08-11-2020 | 29-12-2020 |
| ഷിജി ഷാജി | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ഉദയ കെ | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ജാസ്മിൻ അഹമ്മദ് എൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 27-07-2020 |
| ഹസീന പി മൊയ്തീൻ | അസിസ്റ്റന്റ് സെക്രട്ടറി | 28-07-2020 | 01-08-2020 |
| ഒഴിവ് | അസിസ്റ്റന്റ് സെക്രട്ടറി | 02-08-2020 | 02-08-2020 |
| ജാസ്മിൻ അഹമ്മദ് എൻ | അസിസ്റ്റന്റ് സെക്രട്ടറി | 03-08-2020 | 03-08-2020 |
| ഒഴിവ് | അസിസ്റ്റന്റ് സെക്രട്ടറി | 04-08-2020 | 11-08-2020 |
| പ്രേമ ബി മേനോൻ | അസിസ്റ്റന്റ് സെക്രട്ടറി | 12-08-2020 | 31-03-2021 |
| സൗമ്യ സണ്ണി | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ ബിജു വർഗീസ് | മെഡിക്കൽ ഓഫീസർ പി എസ് സി | 01-04-2020 | 31-03-2021 |
| ശ്രീപ്രിയ | അസിസ്റ്റന്റ് എൻജിനീയർ | 01-04-2020 | 31-03-2021 |
| സിജി വർഗീസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ഡേവിഡ് കെ എ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| രജിത എൻ ടി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ബിന്നി വർഗീസ് | ഹെഡ്മിസ്ട്രസ്, ഇൻ ചാർജ് , ഗവ യു പി എസ് , അശമന്നൂർ | 01-04-2020 | 31-03-2021 |
| ഡോ.അനിൽ എ.ഡി. | വെറ്ററിനറി സർജൻ | 01-04-2020 | 15-11-2020 |
| ഡോ. ആശാലത | വെറ്ററിനറി സർജൻ | 16-11-2020 | 31-03-2021 |

ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Viju M S (Senior Grade Auditor, On 20-12-2021)<br>Last Updated By: Joby George (Computer Assistant, On 30-06-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Joseph George (Senior Grade Auditor, On 20-12-2021)<br>Last Updated By: Joby George (Computer Assistant, On 19-05-2022) | 1-2 |
| 3 | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ<br>Written By: Joseph George (Senior Grade Auditor, On 20-12-2021)<br>Last Updated By: Joby George (Computer Assistant, On 19-05-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Joseph George (Senior Grade Auditor, On 20-12-2021)<br>Last Updated By: Joby George (Computer Assistant, On 19-05-2022) | 1-3 |
| 5 | ഫണ്ട് വിശകലനം<br>Written By: Joseph George (Senior Grade Auditor, On 20-12-2021)<br>Last Updated By: Joby George (Computer Assistant, On 30-06-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Joseph George (Senior Grade Auditor, On 20-12-2021)<br>Last Updated By: Joby George (Computer Assistant, On 19-05-2022) | 1-5 |
| 7 | മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി<br>Written By: Joseph George (Senior Grade Auditor, On 20-12-2021)<br>Last Updated By: Joby George (Computer Assistant, On 19-05-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Joseph George (Senior Grade Auditor, On 20-12-2021)<br>Last Updated By: Joby George (Computer Assistant, On 19-05-2022) | 1-7 |
| 9 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: N.Vijayakumar (Audit Officer (HG), On 22-12-2021)<br>Last Updated By: Joby George (Computer Assistant, On 19-05-2022) | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം<br>Written By: N.Vijayakumar (Audit Officer (HG), On 20-12-2021)<br>Last Updated By: Joby George (Computer Assistant, On 19-05-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Aneesh T S (Auditor, On 22-12-2021)<br>Last Updated By: Joby George (Computer Assistant, On 30-06-2022) | 1-10 |
| 12 | ഗ്രാമസഭകൾ യോഗം ചേരുന്നില്ല<br>Written By: Aneesh R (Auditor, On 21-12-2021)<br>Last Updated By: Joby George (Computer Assistant, On 30-06-2022) | 1-11 |
| 13 | മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശിക<br>Written By: Aneesh T S (Auditor, On 21-12-2021)<br>Last Updated By: Joby George (Computer Assistant, On 19-05-2022) | 1-12 |
| 14 | ലൈവ് സ്റ്റോക്ക് ഫാമുകളുടെ ലൈസൻസ്<br>Written By: Aneesh T S (Auditor, On 22-12-2021)<br>Last Updated By: Joby George (Computer Assistant, On 30-06-2022) | 1-13 |
| 15 | സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല<br>Written By: Aneesh T S (Auditor, On 22-12-2021)<br>Last Updated By: Joby George (Computer Assistant, On 30-06-2022) | 1-14 |
| 16 | സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി<br>Written By: Aneesh T S (Auditor, On 22-12-2021)<br>Last Updated By: Joby George (Computer Assistant, On 30-06-2022) | 1-15 |
| 17 | സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും ലൈസൻസ് | 1-16 |

| | | |
|---|---|---|
| | Written By: Aneesh T S (Auditor, On 22-12-2021)<br>Last Updated By: Joby George (Computer Assistant, On 30-06-2022) | |
| 18 | ഗ്രാമപഞ്ചായത്തിലെ രജിസ്റ്ററുകളുടെ സൂക്ഷിപ്പ്.<br>Written By: Viju M S (Senior Grade Auditor, On 20-12-2021)<br>Last Updated By: Joby George (Computer Assistant, On 30-06-2022) | 1-17 |
| 19 | ഓഡിറ്റ് റിപ്പോർട്ട് തീർപ്പാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കണം.<br>Written By: Viju M S (Senior Grade Auditor, On 20-12-2021)<br>Last Updated By: Joby George (Computer Assistant, On 19-05-2022) | 1-18 |
| 20 | തൊഴിലുറപ്പ് പദ്ധതി രേഖകൾ പരിശോധിച്ചതിലെ അപാകതകൾ<br>Written By: Viju M S (Senior Grade Auditor, On 21-12-2021)<br>Last Updated By: Joby George (Computer Assistant, On 30-06-2022) | 1-19 |
| 21 | ക്ഷീരകർഷകർക്ക് സബ്സിഡി- പൂർണ്ണതോതിൽ നടപ്പിലാക്കിയില്ല.<br>Written By: Viju M S (Senior Grade Auditor, On 20-12-2021)<br>Last Updated By: Joby George (Computer Assistant, On 30-06-2022) | 1-20 |
| 22 | ടെണ്ടർ നടപടികൾ സ്വീകരിച്ചില്ല.<br>Written By: Viju M S (Senior Grade Auditor, On 21-12-2021)<br>Last Updated By: Joby George (Computer Assistant, On 30-06-2022) | 1-21 |
| 23 | പട്ടികജാതി കോളനിയിൽ പൈപ്പ് ലൈൻ നീട്ടൽ- നൽകേണ്ടതില്ലാത്ത ജി.എസ്.ടി നല്കി.<br>Written By: Viju M S (Senior Grade Auditor, On 20-12-2021)<br>Last Updated By: Joby George (Computer Assistant, On 30-06-2022) | 1-22 |
| 24 | ഡെപ്പോസിറ്റ് പ്രവർത്തികൾ-വിനിയോഗവിവരങ്ങളില്ല.<br>Written By: Joseph George (Senior Grade Auditor, On 21-12-2021)<br>Last Updated By: Joby George (Computer Assistant, On 30-06-2022) | 1-23 |
| 25 | ചെലവ് രേഖകൾ ഹാജരാക്കിയില്ല<br>Written By: Aneesh R (Auditor, On 21-12-2021)<br>Last Updated By: Joby George (Computer Assistant, On 30-06-2022) | 1-24 |
| 26 | തായ് ക്കോണ്ടാ പരിശീലനം-അപാകതകൾ<br>Written By: Viju M S (Senior Grade Auditor, On 20-12-2021)<br>Last Updated By: Joby George (Computer Assistant, On 30-06-2022) | 1-25 |
| 27 | കരാറുകാരിൽ നിന്ന് ജി.എസ്.ടി ഈടാക്കിയില്ല<br>Written By: Viju M S (Senior Grade Auditor, On 21-12-2021)<br>Last Updated By: Joby George (Computer Assistant, On 30-06-2022) | 1-26 |
| 28 | അനുപൂരക പോഷകാഹാരപദ്ധതിയിൽ വിതരണം ചെയ്ത അമൃതം ന്യൂട്രിമിക്സിന് ബാധകമല്ലാത്ത ജി.എസ്.ടി ചുമത്തിയത് മൂലം അധിക ചെലവ്.<br>Written By: Joseph George (Senior Grade Auditor, On 21-12-2021)<br>Last Updated By: Joby George (Computer Assistant, On 30-06-2022) | 1-27 |
| 29 | ആംബുലൻസ് വാങ്ങൽ- സമയബന്ധിതമായ തുടർനടപടികൾ സ്വീകരിക്കാത്തതിനാൽ അധികച്ചെലവ്.<br>Written By: Joseph George (Senior Grade Auditor, On 21-12-2021)<br>Last Updated By: Joby George (Computer Assistant, On 30-06-2022) | 1-28 |
| 30 | സ്ട്രീറ്റ് ലൈറ്റ് അറ്റകുറ്റപ്പണികൾ- വിശദവിവരങ്ങളില്ല.<br>Written By: Joseph George (Senior Grade Auditor, On 21-12-2021)<br>Last Updated By: Joby George (Computer Assistant, On 30-06-2022) | 1-29 |
| 31 | വികസന ചരിത്രം -ഡോക്യൂമെന്ററി തയ്യാറാക്കൽ- അനുവദീയമായതിലുമധികം തുക ചെലവഴിച്ചു.<br>Written By: Joseph George (Senior Grade Auditor, On 21-12-2021)<br>Last Updated By: Joby George (Computer Assistant, On 30-06-2022) | 1-30 |
| 32 | കമ്മറ്റി തീരുമാനങ്ങളിൽ സ്വീകരിച്ച തുടർ നടപടി വിവരങ്ങൾ ലഭ്യമാക്കിയില്ല.<br>Written By: N.Vijayakumar (Audit Officer (HG), On 21-12-2021) | 1-31 |

| | | |
|---|---|---|
| | Last Updated By: Joby George (Computer Assistant, On 01-07-2022) | |
| 33 | മരാമത്ത് പ്രവൃത്തികൾ- പൊതുന്യൂനതകൾ:-<br>Written By: N.Vijayakumar (Audit Officer (HG), On 21-12-2021)<br>Last Updated By: Joby George (Computer Assistant, On 19-05-2022) | 1-32 |
| 34 | ഇ ടെണ്ടർ ഇടപാടുകൾക്കായുള്ള ബാങ്ക് അക്കൗണ്ട് - സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.<br>Written By: N.Vijayakumar (Audit Officer (HG), On 21-12-2021)<br>Last Updated By: Joby George (Computer Assistant, On 19-05-2022) | 1-33 |
| 35 | കേരള ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് - കളക്ഷൻ ചാർജ്ജ് ഈടാക്കിയില്ല<br>Written By: N.Vijayakumar (Audit Officer (HG), On 21-12-2021)<br>Last Updated By: Joby George (Computer Assistant, On 19-05-2022) | 1-34 |
| 36 | അശമന്നൂർ ഗവ.യു.പി സ്കൂൾ പുതിയ ക്ലാസ്സ് റൂം നിർമ്മാണം - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ<br>Written By: N.Vijayakumar (Audit Officer (HG), On 21-12-2021)<br>Last Updated By: Joby George (Computer Assistant, On 01-07-2022) | 1-35 |
| 37 | ബിറ്റുമിൻ ബാരൽ വില ക്രമ വിരുദ്ധമായി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നു.<br>Written By: N.Vijayakumar (Audit Officer (HG), On 21-12-2021)<br>Last Updated By: Joby George (Computer Assistant, On 01-07-2022) | 1-36 |
| 38 | നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന കരാറുകാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയില്ല.<br>Written By: N.Vijayakumar (Audit Officer (HG), On 21-12-2021)<br>Last Updated By: Joby George (Computer Assistant, On 01-07-2022) | 1-37 |
| 39 | ഗ്രാമ പഞ്ചായത്തിലെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ- ഒരവലോകനം.<br>Written By: Viju M S (Senior Grade Auditor, On 22-12-2021)<br>Last Updated By: Joby George (Computer Assistant, On 01-07-2022) | 1-38 |
| 40 | ഓഡിറ്റ് ഇംപാക്റ്റ്<br>Written By: Viju M S (Senior Grade Auditor, On 20-12-2021)<br>Last Updated By: Joby George (Computer Assistant, On 01-07-2022) | 1-39 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | ഓവർഹെഡ് ചാർജ്ജിനത്തിൽ കൺവീനർക്ക് അധിക തുക നൽകി<br>Written By: N.Vijayakumar (Audit Officer (HG), On 23-12-2021)<br>Last Updated By: Joby George (Computer Assistant, On 01-07-2022) | 3-1 |
| 2 | വികസന ചരിത്രം -ഡോക്യുമെന്ററി തയ്യാറാക്കൽ- അനുവദീയമായതിലുമധികം തുക ചെലവഴിച്ചു.<br>Written By: Joseph George (Senior Grade Auditor, On 23-12-2021)<br>Last Updated By: Joby George (Computer Assistant, On 19-05-2022) | 3-2 |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Joseph George (Senior Grade Auditor, On 20-12-2021)<br>Last Updated By: Joby George (Computer Assistant, On 19-05-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Joseph George (Senior Grade Auditor, On 20-12-2021)<br>Last Updated By: Joseph George (Senior Grade Auditor, On 26-02-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Joseph George (Senior Grade Auditor, On 20-12-2021)<br>Last Updated By: Joby George (Computer Assistant, On 19-05-2022) | 4-3 |

| | | |
|---|---|---|
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Joseph George (Senior Grade Auditor, On 20-12-2021)<br>Last Updated By: Joby George (Computer Assistant, On 19-05-2022) | 4-4 |
| 5 | വായ്പ /വായ്പാതിരിച്ചടവ്<br>Written By: Joseph George (Senior Grade Auditor, On 20-12-2021)<br>Last Updated By: Joby George (Computer Assistant, On 19-05-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Aneesh T S (Auditor, On 19-12-2021)<br>Last Updated By: Aneesh T S (Auditor, On 19-12-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Aneesh T S (Auditor, On 22-12-2021)<br>Last Updated By: Joby George (Computer Assistant, On 19-05-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Aneesh T S (Auditor, On 19-12-2021)<br>Last Updated By: Joby George (Computer Assistant, On 19-05-2022) | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം<br>Written By: Aneesh T S (Auditor, On 19-12-2021)<br>Last Updated By: Aneesh T S (Auditor, On 19-12-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Aneesh T S (Auditor, On 22-12-2021)<br>Last Updated By: Joby George (Computer Assistant, On 19-05-2022) | 4-10 |
| 11 | തീർപ്പാക്കവാനവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: N.Vijayakumar (Audit Officer (HG), On 20-12-2021)<br>Last Updated By: Joby George (Computer Assistant, On 19-05-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

സ്ഥാപനത്തിന്റെ ഓഡിറ്റ് വർഷത്തെ ബജറ്റ് 04.03.2020ലെ 1(1)ാംനമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷത്തെ ബജറ്റ് 15.02.2021 ലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം ഭരണസമിതി പുതുക്കി അംഗീകരിച്ചിട്ടുണ്ട്. 2020-21 വർഷത്തെ പുതുക്കിയ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് വിവരം താഴെ ചേർക്കുന്നു.

| | ബജറ്റ് പ്രകാരമുള്ള വരവ് -ചെലവ് കണക്കുകൾ | രസീറ്റ് & പേയ്മെന്റ് പ്രകാരമുള്ള വരവ് -ചെലവ് കണക്കുകൾ | വ്യത്യാസം |
|---|---|---|---|
| മുന്നിരിപ്പ് | 1130558.00 | 17387713.00 | (-) 16257155.00 |
| വരവ് | 209701759.00 | 88547876.00 | 121153883.00 |
| ആകെ | 210832427.00 | 105935589.00 | 104896838.00 |
| ചെലവ് | 209431453.00 | 93572574.00 | 115858879.00 |
| നീക്കിയിരിപ്പ് | 1400974.00 | 12363015.00 | (-)10962041.00 |

ഇ.എഫ്.എം.എസ്. വഴി മഹാത്മഗാന്ധി തൊഴിലുറപ്പ് പദ്ധതിക്കായി 2.71കോടി രൂപയും ക്ഷേമ പദ്ധതികൾക്കായി ഡി.ബി.റ്റി വഴി 4.19 കോടി രൂപയും ലഭിച്ചതുൾപ്പെടെ 6.90 കോടി രൂപ തനത് സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയാലും ബജറ്റും വാർഷിക ധനകാര്യപത്രികയും തമ്മിൽ കണക്കിൽ സാരമായ വ്യത്യാസമുണ്ട്. വാർഷിക കണക്കുകൾ യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31/07/2021 | 15.07.2021 |

### 1-2-1 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

ഗ്രാമ പഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട പ്രധാന ന്യൂനതകൾ താഴെ ചേർക്കുന്നു.

1.ഗ്രാമീൺ ബാങ്ക് ലൈഫ് അക്കൌണ്ടിന്റെ മുന്നിരിപ്പ്, നീക്കിയിരുപ്പ് എന്നിവ ബാങ്ക് പാസ് ബുക്കുമായി പൊരുത്തപ്പെടുന്നില്ല.

2.വാർഷിക കണക്ക് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ സഞ്ചയ സോഫ്റ്റ്വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

3.വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി വർക്കുകളുമായി ബന്ധപ്പെട്ട് നൽകിയ അഡ്വാൻസ് ക്രമീകരിച്ചിട്ടില്ലാത്തതുമൂലം ഇവ അഡ്വാൻസായി തുടരുകയാണ്. കൂടാതെ വാർഷിക കണക്കിലെ Advance To Other Authorised Agencies ശീർഷകത്തിലുള്ള 34420 രൂപ ക്രമീകരിച്ചിട്ടില്ല. ഇവയുടെ വിശദവിവരങ്ങൾ അഡ്വാൻസ് രജിസ്റ്ററിൽ ചേർത്തിട്ടില്ല.

4.ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിരുന്നില്ല. ഈയിനത്തിലെ വരവും തിരികെ നൽകിയ ഡെപ്പോസിറ്റുകളുടെ വിവരങ്ങളും യഥാസമയം രജിസ്റ്ററിൽ ചേർക്കുന്നില്ല. ആയതിനാൽ ഡെപ്പോസിറ്റിനത്തിൽ വാർഷിക കണക്ക് പ്രകാരം രേഖപ്പെടുത്തിയിട്ടുള്ള തുകകളുടെ കൃത്യത ഓഡിറ്റിൽ പരിശോധിക്കാനായിട്ടില്ല.

4.ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിൽ നിന്നും ലഭ്യമായതിലും അധികം തുക (105000/- Project 169/2020)പിൻവലിച്ചത് ക്രമീകരിച്ചിട്ടില്ല. ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് വിഹിതമായി ബാലൻസ് ഷീറ്റ് ബി ഷെഡ്യൂളിൽ ഉൾപ്പെട്ടിരിക്കുന്ന തുക ചെലവഴിക്കുന്നതിനോ പദ്ധതി നടപ്പാകാത്ത സാഹചര്യത്തിൽ തുക തിരിച്ചടക്കുന്നതിന് നടപടി സ്വീകരിക്കുകയോ ചെയ്യുന്നില്ല.

5.ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പഞ്ചായത്തിന്റെ ആസ്തികൾ സംബന്ധിച്ച പരിശോധന സാധ്യമായില്ല.

6. സ്ഥിരം ജീവനക്കാരുടേത് ഒഴികെയുള്ള മറ്റ് ജീവനക്കാരുടെ മാർച്ച് മാസത്തെ ശമ്പളം, അലവൻസുകൾ, ഭരണസമിതി അംഗങ്ങളുടെ ആനുകൂല്യങ്ങൾ, കുടിശ്ശിക കണ്ടിജന്റ് ചെലവുകൾ എന്നിവക്ക് വാർഷിക കണക്കുകളിൽ തുക വകയിരുത്തിയിട്ടില്ല (Provisions).

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 17387713 |
| വരവ് | 88547876 |
| ആകെ | 105935589 |
| ചെലവ് | 93572574 |
| നീക്കിയിരിപ്പ് | 12363015 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ളനഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 288526 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1672879 |

## 1-4 ഫണ്ട് വിശകലനം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് (ACR) | നീക്കി യിരുപ്പ് | ബാലൻസ് / ചെലവഴിക്കാതെ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 9427746 | 9427746 | 8337077 | | 1090669 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 4446491 | 4446491 | 4243053 | | 203438 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 47000 | 47000 | 0 | | 47000 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 18631000 | 18631000 | 18631000 | 0 | 0 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 0 | 3456681 | 3456681 | 3456681 | 0 | |
| ധനകാര്യകമ്മീഷൻ അവാർഡ് (UnTied) | 0 | 9297431 | 9297431 | 7165801 | | 2131630 |
| ധനകാര്യകമ്മീഷൻ അവാർഡ് ( Tied) | 0 | 4120000 | 4120000 | 880045 | | 3239955 |
| കേന്ദ്രാവിഷ്കൃത ഫണ്ട്- | | | | | | |
| ശുചിത്വമിഷൻ | 190566 | 140000 | 330566 | 140000 | 190566 | |
| Solid Waste | 8162 | 0 | 8162 | 0 | 8162 | |
| ICDS | 613193 | 596544 | 1209737 | 600000 | 609737 | |

2019-20 സാമ്പത്തിക വർഷം വികസന ഫണ്ട് ജനറലിൽ നിന്നും 11,54,004/- രൂപയും വികസനഫണ്ട് (എസ്.സി.പി.) യിൽ നിന്നും 58,509/- രൂപയും സ്രോതസ്സിൽ കുറവ് ചെയ്തിട്ടുണ്ട്. കൂടാതെ വികസനഫണ്ട് ജനറലിൽ നിന്നും 190000 രൂപയും എസ്.സി.പി.യിൽ നിന്നും 100000 രൂപയും വികസനഫണ്ട് (ധനകാര്യകമ്മീഷൻ ഗ്രാന്റ്) -ൽ നിന്നും 54,22,212/- രൂപയും മെയിന്റനൻസ് ഗ്രാന്റ് (റോഡ്) 1,04,86,413 രൂപയും ക്യാപിറ്റൽ കോൺട്രിബ്യൂഷനായി മാറ്റിയിട്ടുണ്ട്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് എണ്ണം | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്-എണ്ണം | നടപ്പാക്കാത്തവഎണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 209 | 139704669 | 171 | 75274099 | 11 | 27 | 81.81% |

അംഗീകരിച്ച പദ്ധതികളുടെ 82% മാണ് നടപ്പിലായത്. പ്രത്യേക ഗ്രാന്റുകളല്ലാതെ പഞ്ചായത്തിന് ലഭ്യമായ

ഫണ്ടിൽ 66.66 ലക്ഷം രൂപ ചെലവഴിക്കാൻ കഴിഞ്ഞില്ല.

## 1-6 മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 25148 | 1317143 | 1342291 | 1311145 | 31146.00 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് (റവന്യൂ-മൂലധന ചെലവുകൾ ഉൾപ്പടെ) | | 27102811 | 27102811 | 27102811 | 0 |
| ആകെ | 25148 | 28419954 | 28445102 | 28413956 | 31146 |

## 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 8455400 | 624 |
| വിധവാപെൻഷൻ | 10040600 | 663 |
| വാർദ്ധക്യ കാലപെൻഷൻ | 19101800 | 1529 |
| വികലാംഗപെൻഷൻ | 3923800 | 272 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 474900 | 33 |
| വിവാഹധനസഹായം | 120000 | 4 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08.12.2021ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 15293/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന തപാലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കപ്പെടുന്നതിന് ആവശ്യമായ ഫ്രണ്ട് ഓഫീസ് ഡയറി സൂക്ഷിക്കുന്നുണ്ടെങ്കിലും ഫയലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കുവാൻ നിലവിൽ സാധിക്കുന്നില്ല.

2. ഗ്രാമ പഞ്ചായത്തിലെ വിവിധ സെക്ഷനുകൾ നിലവിൽ പേഴ്സണൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. തപാലുകൾ ലഭിക്കുന്നതും അവയുടെ വിതരണവും സംബന്ധിച്ച വിവരങ്ങൾ സൂചികയിൽ നിന്നും ലഭ്യമാണെങ്കിലും അവയുടെ തീർപ്പാക്കൽ വിവരങ്ങൾ പൂർണ്ണമായും സൂചികയിൽ നിന്നും ലഭ്യമാകുന്നില്ല.

3. ഫ്രണ്ട് ഓഫീസിൽ കറണ്ട് ഫയൽ ജനറേറ്റ് ചെയ്യുമ്പോൾ മാത്രമേ നിലവിൽ സൂചികയിൽ എൻട്രി വരുന്നുള്ളൂ. തീർപ്പു കൽപ്പിക്കുന്നതും വെരിഫിക്കേഷനും സംബന്ധിച്ച എൻട്രികൾ സൂചികയിൽ പ്രതിഫലിക്കുന്നില്ല. ബാക്ക് ഓഫീസ് സംവിധാനം സൂചികയിൽ പൂർണ്ണതോതിൽ പ്രവർത്തിക്കാത്തതിനാൽ ഫയലുകൾ അതത് സെക്ഷനുകളിൽ പെന്റിംഗായി കാണിക്കുന്നു.

4.ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

5.കാലഹരണപ്പെട്ട ഡെപ്പോസിറ്റുകളിന്മേൽ സമയോചിതമായ നടപടികൾ കൈക്കൊള്ളുന്നില്ല.

6. പഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസ് ഒന്നാം നിലയിൽ പ്രവർത്തിക്കുന്നതിനാൽ പ്രായമായവർക്ക് ഫീസ്, മറ്റ് പണമടവാക്കൽ, അപേക്ഷ നല്കൽ എന്നിവയ്ക്ക് ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്.

7.മോണിട്ടറിങ്ങ്

വാർഷിക പദ്ധതിയിലുൾപ്പെട്ട പ്രോജക്ടുകളുടെ നിർവ്വഹണത്തിന്റെ വിജയം കാര്യക്ഷമവും ഫലപ്രദവുമായ മോണിട്ടറിങ്ങ് സംവിധാനത്തിൽ അധിഷ്ഠിതമാണ്. പ്രോജക്ടുകളുടെ നിർവ്വഹണത്തെയും നിർവ്വഹണ ഉദ്യോഗസ്ഥനെയും സഹായിക്കുന്ന പ്രവർത്തനമാണ് മോണിട്ടറിങ്ങ്. ആദ്യം മുതൽ അവസാനം വരെ പ്രോജക്ടുകളുടെ നിർവ്വഹണം വിഭാവനം ചെയ്തതരത്തിൽ തന്നെ പുരോഗമിക്കുന്ന എന്ന് ഉറപ്പാക്കുന്ന നിരന്തരമായ വിലയിരുത്തലും പരിശോധനയുമാണ് മോണിട്ടറിങ്ങിലൂടെ സാധ്യമാകുന്നത്. മോണിട്ടറിങ്ങ് നടത്തേണ്ട ഉത്തരവാദിത്തം അതാത് വർക്കിങ്ങ് ഗ്രൂപ്പുകൾക്കാണ്. ഓഡിറ്റ് വർഷത്തിൽ പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള പ്രോജക്ടുകൾ ഇത്തരത്തിൽ മോണിട്ടറിങ്ങിന് വിധേയമാക്കിയിട്ടില്ല. തുക വിനിയോഗിച്ചിട്ടുണ്ട് എന്ന സ്റ്റേറ്റ്മെന്റാണ് മോണിട്ടറിങ്ങ് റിപ്പോർട്ടായി പല പ്രോജക്ടുകളോടൊപ്പവും ചേർത്തിരിക്കുന്നത്. പ്രോജക്ടുകളുടെ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന് ഒരു മോണിട്ടറിങ്ങ് സമിതിയും വിലയിരുത്തിയിട്ടില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.09.2021 | 02/2021 മുതൽ 08/2021വരെ | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.01.2017 | 2011-12 മുതൽ 2015-16 വരെ | 09.03.2017 |

## 1-11 ഗ്രാമസഭകൾ യോഗം ചേരുന്നില്ല

അധികാര വികേന്ദ്രീകരണ പ്രക്രിയയിൽ വോട്ടവകാശമുള്ള മുഴുവനാളുകൾക്കും ഭരണകാര്യങ്ങളിൽ നേരിട്ട് പങ്കെടുക്കാനും അധികാരം പ്രയോഗിക്കുവാനും കഴിയുന്ന വേദിയാണ് പഞ്ചായത്ത് രാജ് സംവിധാനത്തിന്റെ അടിസ്ഥാന ഘടകമായ ഗ്രാമസഭ. എന്നാൽ ഇന്നത്തെ ഗ്രാമസഭകൾ പലതും നിയമപരമായ ഒരു ബാധ്യത നിറവേറ്റുക എന്നതിനുമപ്പുറം പദ്ധതി പ്രവർത്തനങ്ങളിലോ ഭരണനിർവ്വഹണങ്ങളിലോ കാര്യമായി ഇടപെടുന്നില്ല. യഥാസമയം യോഗം ചേരാതിരിക്കുന്നതിനാലും ജനപങ്കാളിത്തത്തിന്റെ കുറവ് മൂലവുമാണ് ഗ്രാമസഭകൾ ഇപ്രകാരം മാറിയിട്ടുള്ളത്. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 3(3) പ്രകാരം കുറഞ്ഞപക്ഷം മൂന്ന് മാസത്തിൽ ഒരിക്കലെങ്കിലും ഗ്രാമസഭ യോഗം വിളിച്ചു ചേർക്കേണ്ടതാണ്. എന്നാൽ അശമന്നൂർ ഗ്രാമപഞ്ചായത്തിൽ ആകെയുള്ള 14 ഗ്രാമസഭകൾ നിയമപ്രകാരമുള്ള ഇടവേളകളിൽ യോഗം ചേരുന്നില്ല. 2020-21 വർഷത്തിൽ കോവിഡ് സാഹചര്യത്തിൽ ഗ്രാമസഭകൾ ചേർന്നിട്ടില്ല

ഗ്രാമസഭകൾ സംബന്ധിച്ച് ജനങ്ങൾക്ക് നിയമപ്രകാരമുള്ള എല്ലാ അധികാരങ്ങളും ചുമതലകളും ഉത്തരവാദിത്തങ്ങളും പ്രയോഗിക്കുന്നതിന് അവരെ പ്രാപ്തരാക്കുന്ന തരത്തിൽ ജനങ്ങളെ ബോധവാന്മാരാക്കിയും നിശ്ചിത ഇടവേളകളിൽ ഗ്രാമസഭായോഗങ്ങൾ വിളിച്ചുകൂട്ടിയും ഗ്രാമസഭകളെ ഊർജ്ജസ്വലമാക്കുന്നതിന് ഭരണാധികാരികൾ ശ്രമിക്കേണ്ടതാണ്. ഗ്രാമസഭായോഗങ്ങളിൽ എല്ലാവരെയും പങ്കെടുപ്പിച്ചും ഭരണപരവും വികസനപരവുമായ കാര്യങ്ങൾ ഗ്രാമസഭകളിൽ ഫലവത്തായി ചർച്ച ചെയ്തും ഗ്രാമസഭാ തീരുമാനങ്ങളെ മറികടന്ന് കാര്യങ്ങൾ പ്രാവർത്തികമാക്കുന്നത് ഒഴിവാക്കിയും ഗ്രാമസഭകളെ കൂടുതൽ ശക്തിപ്പെടുത്താം.

## 1-12 മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശിക

അശമന്നൂർ ഗ്രാമപഞ്ചായത്തിന്റെ സഞ്ചയ പ്രകാരമുള്ള വസ്തുനികുതി കുടിശിക രജിസ്റ്റർ പരിശോധിച്ചതിൽ

താഴെ കൊടുക്കുന്ന മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളിൽ നിന്നും 2013 ആദ്യ പകുതി മുതൽ 2021 രണ്ടാം പകുതി വരെയുള്ള വസ്തു നികുതി കുടിശ്ശിക നിൽക്കുന്നതായി കാണുന്നു. വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | കെട്ടിട നം | സ്ഥാപനം | കുടിശിക തുക (20-21 വരെ) |
|---|---|---|---|
| 1, | 8/62/A | ടവർ വിഷൻ ഇന്ത്യ | 56700 |
| 2, | 3/382/A | എ റ്റി സി ഇൻഫ്രാസ്ട്രക്ച്ചർ | 4140 |
| 3, | 6/431/A | റിലയൻസ് ഇൻഫോകൊം | 14428 |
| 4. | 6/445/A | എസ്സാർ ടെലികോം | 6300 |
| ആകെ | | | 81568 |

മേൽ സൂചിപ്പിച്ച മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെ വസ്തുനികുതി സമയബന്ധിതമായി പിരിച്ചെടുക്കാത്തതിന് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം 03/2020-21 തിയതി 9/12/21 നുള്ള സെക്രട്ടറിയുടെ 10/12/21 ലെ മറുപടിയിൽ ക്രമ നം 2, 3, 4 എന്നിവയുടെ നികുതി അടച്ചിട്ടുള്ളതായും കൂടാതെ, ക്രമനം 1 ടവർ വിഷൻ ഇന്ത്യക്ക് ആർ.ആർ നടപടികൾ സ്വീകരിച്ചതായും അറിയിച്ചു. ആർ.ആർ. നടപടികളുടെ പുരോഗതി അറിയിക്കേണ്ടതാണ്.

## 1-13 ലൈവ് സ്റ്റോക്ക് ഫാമുകളുടെ ലൈസൻസ്

2020-21 വർഷം താഴെപറയുന്ന ലൈവ് സ്റ്റോക്ക് ഫാമുകളുടെ ലൈസൻസ് പുതുക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 23/20-21 തിയതി 20/12/21 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ലൈസൻസ് പുതുക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതും അല്ലാത്തപക്ഷം പുതുക്കി വിവരം അറിയിക്കേണ്ടതുമാണ്.

| ഉടമയുടെ പേര് | കെട്ടിട നം | സ്ഥാപനം |
|---|---|---|
| മനോജ്കുമാർ | 12/143എ | കോഴിഫാം |
| പൗലോസ് | 12/02എ | കോഴിഫാം |
| മൈതീൻകുഞ്ഞ് | 6/156 ബി | കോഴിഫാം |
| മജീദ് എൻ എം | 8/168എ | കോഴിഫാം |
| ഇബ്രാഹിം | 8/169 | കോഴിഫാം |
| കെ പി വർഗ്ഗീസ് | 6/558ബി | പന്നിഫാം |
| ബേബി | 8/480ബി | കോഴിഫാം |
| രാമൻ പി എൻ | 4/193 എ | കോഴിഫാം |
| ടി എൻ മോഹനൻ | 12/113 | കോഴിഫാം |
| ബിന്ദു പ്രസന്നൻ | 11/481ബി | കോഴിഫാം |

## 1-14 സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല

താഴെ പറയുന്ന സ്ഥാപനങ്ങളിലെ 2020-21 വർഷത്തെ സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 24/20-21 തിയതി 20/12/21 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതും അല്ലാത്തപക്ഷം നികുതി അടവാക്കി വിവരം അറിയിക്കേണ്ടതുമാണ്.

| സ്ഥാപനത്തിന്റെ പേര് | റിമാർക്ക്സ് |
|---|---|
| മിൽമ ക്ഷീരോത്പാദക സഹകരണസംഘം, മേതല | ആദ്യ പകുതിയും, രണ്ടാം പകുതിയും |
| പി.ഡി.ഡി.പി ക്ഷീരോത്പാദക സഹകരണസംഘം, ഓടക്കാലി | ആദ്യ പകുതിയും, രണ്ടാം പകുതിയും |
| അഗ്രിക്കൾച്ചർ ഇംപ്രൂവ്മെന്റ് സഹകരണസംഘം, അശമന്നൂർ | ആദ്യ പകുതിയും, രണ്ടാം പകുതിയും |
| സ്വതന്ത്ര്യ ക്ഷീരോത്പാദക സഹകരണസംഘം, ചെറുകുന്നം | ആദ്യ പകുതിയും, രണ്ടാം പകുതിയും |

## 1-15 സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1) പ്രകാരം ഒരു വ്യക്തി ഒരു അർദ്ധവർഷം തുടർച്ചയായോ, പലപ്പോഴായോ 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽനികുതിക്ക് വിധേയനാകും. എന്നാൽ, ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന താഴെ ചേർക്കുന്ന സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2020-21 സാമ്പത്തിക വർഷത്തിൽ മേൽപ്രകാരം തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 25/20-21 തിയതി 20/12/21 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതും അല്ലാത്തപക്ഷം നികുതി അടവാക്കി വിവരം അറിയിക്കേണ്ടതുമാണ്.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1 | ട്രാവൻകൂർ ടിംബർ | 9 | $1^{st}$ &$2^{nd}$ അർദ്ധവർഷം |
| 2 | റോയൽ ഫ്രഷ് | 4 | $1^{st}$ &$2^{nd}$ അർദ്ധവർഷം |
| 3 | പാറേക്കാട്ടിൽ സോ മിൽ | 7 | $1^{st}$ &$2^{nd}$ അർദ്ധവർഷം |
| 4 | മോഡേൺ ഗ്രാനൈറ്റസ് | 4 | $1^{st}$ &$2^{nd}$ അർദ്ധവർഷം |
| 5 | കൈബർ പോളിമേഴ്സ് | 7 | $1^{st}$ &$2^{nd}$ അർദ്ധവർഷം |
| 6 | സിറ്റിസൺ ടിംബേഴ്സ് | 20 | $1^{st}$ &$2^{nd}$ അർദ്ധവർഷം |
| 7 | സെന്റ് പോൾസ് ഫാർമസി | 6 | $1^{st}$ &$2^{nd}$ അർദ്ധവർഷം |
| 8 | നവരംഗ് ഇൻഡസ്ട്രീസ് | 5 | $1^{st}$ &$2^{nd}$ അർദ്ധവർഷം |
| 9 | മറൈൻ ട്രേഡേഴ്സ് | 5 | $1^{st}$ &$2^{nd}$ അർദ്ധവർഷം |
| 10 | നിള ഇൻഡസ്ട്രീസ് | 7 | $1^{st}$ &$2^{nd}$ അർദ്ധവർഷം |
| 11 | ന്യൂ പ്ലൈവുഡ് ഇൻഡസ്ട്രീസ് | 5 | $1^{st}$ &$2^{nd}$ അർദ്ധവർഷം |
| 12 | സൂര്യാ ഫർണീച്ചർ | 4 | $1^{st}$ &$2^{nd}$ അർദ്ധവർഷം |

## 1-16 സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും ലൈസൻസ്

1999 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ ചട്ടങ്ങൾ) പ്രകാരം താഴെപറയുന്ന സ്വകാര്യ ആശുപത്രികൾ/സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾ 2020-21 കാലയളവിൽ രജിസ്ട്രേഷൻ/ലൈസൻസ് പുതുക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 28/20-21 തിയതി 21/12/21 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. രജിസ്ട്രേഷൻ/ലൈസൻസ് പുതുക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതും അല്ലാത്തപക്ഷം പുതുക്കി വിവരം അറിയിക്കേണ്ടതുമാണ്.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | ആരാധ്യാ കംപ്യൂട്ടറൈസ്ഡ് ലാബ് |
| 2 | ജ്യോതിസ് ലാബ് |

## 1-17 ഗ്രാമപഞ്ചായത്തിലെ രജിസ്റ്ററുകളുടെ സൂക്ഷിപ്പ്.

1) ക്യാഷ് ബുക്ക് - നിർവ്വഹണോദ്യോഗസ്ഥർ ആരുംതന്നെ ടി.ആർ 7എ പ്രകാരമുള്ള ക്യാഷ് ബുക്ക് സൂക്ഷിക്കുന്നില്ല. ആയത് അടിയന്തരമായി സൂക്ഷിക്കേണ്ടതും ആവശ്യമായ രേഖപ്പെടുത്തലുകളും വരുത്തേണ്ടതാണ്.

2) പ്രോജക്ട് രജിസ്റ്റർ - പദ്ധതി നിർവ്വഹണം സംബന്ധിച്ച ഒരു പ്രോജക്ട് രജിസ്റ്റർ നിർവ്വഹണോദ്യോഗസ്ഥന്മാർ നിർബന്ധമായും സൂക്ഷിക്കേണ്ടതാണ്. പദ്ധതിക്ക് എ.സി.ആർ പ്രകാരം വകയിരുത്തിയ തുകയും ആയതിന്റെ ചെലവും ബിൽ സംബന്ധമായ വിവരവും രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. ഗ്രാമ പഞ്ചായത്തിൽ പദ്ധതി നിർവ്വഹണം നടത്തുന്ന അസിസ്റ്റന്റ് സെക്രട്ടറി, ഐ.സി.ഡി.എസ് സൂപ്പർവൈസർ എന്നിവർ ഒഴികെ ആരും തന്നെ പ്രോജക്ട് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

3) ഇൻകൃമ്പൻസി രജിസ്റ്റർ, ട്രേഡേഴ്സ് ലിസ്റ്റ് എന്നിവ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല.

അടിയന്തരമായി മേൽ പറഞ്ഞ രജിസ്റ്ററുകൾ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സെക്രട്ടറി സ്വീകരിക്കേണ്ടതാണ്.

## 1-18 ഓഡിറ്റ് റിപ്പോർട്ട് തീർപ്പാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കണം.

19.05.2019ൽ നടന്ന ഓഡിറ്റ് അദാലത്തിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ എല്ലാ ഖണ്ഡികകൾക്കും ഓഡിറ്റ് അദാലത്തിൽ ഭാഗികമായി മാത്രമാണ് അനുബന്ധ രേഖകൾ ഹാജരാക്കുകയും, തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തിരുന്നത്. ആയതിനാൽ എല്ലാ റിപ്പോർട്ടുകളിലും തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ ധാരാളം അവശേഷിക്കുന്നുണ്ട്. അദാലത്തിൽ 2000-01, 2001-02 ഓഡിറ്റ് റിപ്പോർട്ടുകൾ പൂർണ്ണമായും തീർപ്പാക്കി. ഓഡിറ്റ് റിപ്പോർട്ടുകൾ ലഭിച്ച് കഴിഞ്ഞാൽ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14(2), 14(3), 15 എന്നിവയനുസരിച്ച് ഓഡിറ്റ് പരാമർശങ്ങൾ തീർപ്പാക്കുന്നതിനായി നടപടികൾ യഥാസമയം സ്വീകരിക്കേണ്ടതാണ്. ഇപ്രകാരമുള്ള നടപടികൾ യഥാസമയം സ്വീകരിക്കപ്പെടാത്തത് മൂലമോ വൈകി സ്വീകരിക്കപ്പെടുന്നതുമൂലമോ ആണ് ഓഡിറ്റ് പരാമർശങ്ങൾ പൂർണ്ണമായും തീർപ്പാക്കപ്പെടാതെ അവശേഷിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനുള്ള ഒരു മാനദണ്ഡമാകയാൽ ഓഡിറ്റ് പരാമർശങ്ങൾ ചട്ടപ്രകാരം യഥാസമയം തന്നെ തീർപ്പാക്കുന്നതിന് പഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്. 2005-06 മുതൽ 2018-19 വരെയുള്ള വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 64 ഖണ്ഡികകൾ തീർപ്പാക്കാനുണ്ട്. തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരങ്ങൾ ഖണ്ഡിക 4-11ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-19 തൊഴിലുറപ്പ് പദ്ധതി രേഖകൾ പരിശോധിച്ചതിലെ അപാകതകൾ

1) തൊഴിലുറപ്പ് പദ്ധതികൾ പൂർത്തികരിക്കുന്ന മുറയ്ക്ക് ലഭ്യമാക്കുന്ന പൂർത്തീകരണ സർട്ടിഫിക്കറ്റിൽ ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുന്നില്ല.

2) തൊഴിലുറപ്പ് പദ്ധതികളുടെ സൈറ്റ് വെരിഫിക്കേഷൻ റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല.

3) ആസ്തി നിർമ്മിക്കപ്പെട്ടതിന്റെ ജിയോടാഗ് ഫോട്ടോഗ്രാഫ് ഫയലിൽ ലഭ്യമല്ല.

4) അനുബന്ധം 4 പ്രകാരം പ്രവൃത്തി നടത്തുവാൻ അനുവദിച്ച കൊണ്ടുള്ള പത്രിക ഫയലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടെങ്കിലും ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥൻ ആയത് സാക്ഷ്യപ്പെടുത്തി കാണുന്നില്ല.

5) വിവിധ പ്രവൃത്തികൾക്കായി വാങ്ങുന്ന മെറ്റീരിയലിന്റെ ക്യാഷ്ബിൽ ഫയലിൽ സൂക്ഷിക്കുന്നില്ല. മെറ്റീരിയലിന്റെ ക്യാഷ്ബിൽ ഫയലിൽ സൂക്ഷിക്കേണ്ടതും ആയത് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി കാണുന്നില്ല.

6) തൊഴിലുറപ്പ് പദ്ധതികൾക്കായി നിയോഗിക്കപ്പെടുന്ന തൊഴിലാളികളുടെ വേജസ് ലിസ്റ്റും, മെറ്റിരിയൽ സപ്ലൈ ചെയ്യുന്ന കോൺട്രാക്ടർമാർക്ക് ഫണ്ട് ട്രാൻസ്ഫർ ഓർഡറും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി കാണുന്നില്ല.

7) മെറ്റീരിയൽ വർക്ക് നടക്കുന്ന സൈറ്റുകളിലെ സൈറ്റ് ഡയറിയിൽ നിർവ്വഹണോദ്യോഗസ്ഥൻ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല.

8) കിണർ റീച്ചാർജിങ്ങിന് പ്രത്യേകം ജലഗ്രാമസഭകൾ നടത്തിയിട്ടില്ല. കിണർ റീച്ചാർജിങ്ങ് പദ്ധതിക്കാവശ്യമായ ഗുണഭോക്താക്കളെ മാനദണ്ഡമനുസരിച്ച് തെരഞ്ഞെടുത്ത് ഗ്രാമപഞ്ചായത്ത് അംഗീകാരം നല്കിയ ഗുണഭോക്തൃലിസ്റ്റ് ഓഡിറ്റ് വേളയിൽ ഹാജരാക്കിയിട്ടില്ല.

9) കിണർ റീച്ചാർജിംങ് പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് കിണർ ഗുണഭോക്താക്കൾക്ക് കൈമാറുമ്പോൾ തുടർ പരിപാലനം ഗുണഭോക്താക്കൾ തന്നെ നിർവ്വഹിക്കേണ്ടതാണെന്ന വസ്തുത ഗുണഭോക്താക്കളെ

അറിയിക്കേണ്ടതും അതോടൊപ്പം അവരിൽ നിന്നും അനുബന്ധം 5 ൽ സമ്മതപത്രം ഒപ്പിട്ട് വാങ്ങി സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ ആയത് ഫയലിൽ നിന്ന് ലഭ്യമല്ല.

മേൽ പരാമർശിച്ചിട്ടുള്ള വിഷയങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് കൊണ്ട് 21.12.2021 ൽ നല്കിയ 29-ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. ബന്ധപ്പെട്ട പരാമർശങ്ങൾ തുടർ പദ്ധതികളിൽ നടപ്പിലാക്കേണ്ടതും, അപാകതകൾ ക്രമീകരിക്കേണ്ടതുമാണ്.

## 1-20 ക്ഷീരകർഷകർക്ക് സബ്സിഡി- പൂർണ്ണതോതിൽ നടപ്പിലാക്കിയില്ല.

1)

| | |
|---|---|
| പ്രോജക്റ്റിന്റെ നമ്പർ,പേര് | എസ് 0025/20-21, സഹകരണസംഘങ്ങൾ വഴി പാലളക്കുന്നവർക്ക് പാൽവില സബ്സിഡി |
| ബിൽ നം , തീയതി, ചെലവ് | 01/20-21, 21.04.2020, 300000<br>02/2021,1 1.05.2020, 89000<br>ആകെ 389000 |
| ഫണ്ട്, അടങ്കൽ | വികസന ഫണ്ട് (പൊതുവിഭാഗം) 300000,<br>ജില്ലാ പഞ്ചായത്ത് വിഹിതം-178000<br>ആകെ 478000 |
| നിർവ്വഹണോദ്യോഗസ്ഥൻ | ഡയറി ഫാം ഇൻസ്ട്രക്ടർ. |

2)

| | |
|---|---|
| പ്രോജക്റ്റിന്റെ നമ്പർ,പേര് | എസ് 0059/20-21, സഹകരണസംഘങ്ങൾ വഴി പാലളക്കുന്നവർക്ക് പാൽവില സബ്സിഡി |
| ബിൽ നം , തീയതി, ചെലവ് | ബിൽ 03/20-21, തീ. 27.02.2021,<br>തുക – 300000/-<br>ബിൽ 04/2021, തീ. 04.03.2021,<br>തുക – 55000/-<br>ആകെ 355000/- |
| ഫണ്ട്, അടങ്കൽ | വികസന ഫണ്ട് (പൊതുവിഭാഗം) 300000,<br>ജില്ലാ പഞ്ചായത്ത് വിഹിതം- 178000<br>ആകെ 478000 |
| നിർവ്വഹണോദ്യോഗസ്ഥൻ | ഡയറി ഫാം ഇൻസ്ട്രക്ടർ. |

ഡയറി ഫാം ഇൻസ്ട്രക്ടർ നടപ്പിലാക്കുന്ന സഹകരണസംഘങ്ങൾ വഴി പാലളക്കുന്നവർക്ക് പാൽവില സബ്സിഡി എന്ന പ്രൊജക്റ്റിൽ 2020-21 വർഷം അശമന്നൂർ ഗ്രാമ പഞ്ചായത്തിൽ ക്ഷീരകർഷകർക്കായി സർക്കാർ വിഭാവനം ചെയ്യുന്ന സബ്സിഡി/ധനസഹായം നൽകാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല.ക്രമ നം (1) പ്രകാരമുള്ള സ്പിൽ ഓവർ പ്രോജക്റ്റിൽ ചെലവഴിച്ച 389000/- രൂപയിലെ ഗ്രാമ പഞ്ചായത്ത് വിഹിതമായ 300000/- രൂപ ഉപയോഗിച്ച് 2019 ഏപ്രിൽ മാസം ക്ഷീരകർഷകർക്ക് 3 രൂപയും മെയ്യ് മാസത്തിൽ 2.74 രൂപയും ജില്ലാ പഞ്ചായത്ത് വിഹിതം ഉപയോഗിച്ച് ജൂലൈ മാസത്തെ പാലളവിന് 2.57 രൂപയും ഉറപ്പാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. മിൽമ ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന ക്ഷീരകർഷകർക്ക് വകുപ്പ് വിഹിതവും ചേർത്ത് ഒരു ലിറ്റർ പാലിന് 4 രൂപ നിലവിൽ സബ്സിഡി അനുവദിക്കാവുന്നതാണ്. എന്നാൽ ക്രമ നം (2) പ്രോജക്റ്റ് പ്രകാരം തൻവർഷം ഗ്രാമപഞ്ചയത്തിലെ 5 ക്ഷീര സഹകരണ സംഘം വഴി പാലളക്കുന്ന163 ക്ഷീരകർഷകർക്ക് ഗ്രാമ പഞ്ചായത്ത് വിഹിതമായ വികസന ഫണ്ട് (പൊതുവിഭാഗം) 300000 രൂപ ഉപയോഗിച്ച് 2020 ജൂൺ, ജലൈ മാസങ്ങളിൽ 3രൂപ സബ്സിഡിയിനത്തിൽ നല്കുവാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ 2020 ഓഗസ്റ്റ് മാസത്തിൽ 1.70 രൂപ മാത്രമേ ഉറപ്പാക്കുവാൻ കഴിഞ്ഞിട്ടുള്ളൂ. തനത് സാമ്പത്തിക വർഷം ഏപ്രിൽ, മെയ്യ് മാസങ്ങളിൽ 104725 ലിറ്റർ പാൽ മേൽ സൂചിപ്പിച്ച 5 ക്ഷീരസംഘങ്ങൾ വഴി കർഷകർ അളന്നിട്ടുണ്ട്. കാലിത്തീറ്റയുടെ അമിതമായ വിലയും തീറ്റപ്പുല്ലിന്റെ ലഭ്യതക്കുറവ് മൂലവും ക്ഷീരകർഷകർ ഈ വേല ഉപേക്ഷിക്കുന്ന സാഹചര്യത്തിൽ സർക്കാർ വിഭാവനം ചെയ്യുന്ന സബ്സിഡി നൽകാത്തത് ശരിയായ നടപടിയല്ല. ധാരാളം ക്ഷീരകർഷകരുള്ള പഞ്ചായത്താണിത്. ക്ഷീരകർഷകർക്ക് പ്രോത്സാഹനം നൽകാനുതകുന്ന ഈ പദ്ധതിയ്ക്ക് ആവശ്യത്തിന് ഫണ്ട് വകയിരുത്താത്തതിന് വിശദീകരണം നല്കുവാനാവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല. പാലും പാലുത്പ്പന്നങ്ങളും ഗ്രാമീണമേഖലയിലെ

ക്ഷീരകർഷകരുടെ വരുമാന ശ്രോതസ്സാകയാൽ ഇത്തരം പ്രവൃത്തിയിലേർപ്പെടുന്ന ക്ഷീരകർഷകരെ പ്രോത്സാഹിപ്പിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ആയതിനാൽ സബ്സിഡി നല്കുന്നതിന് മതിയായ ഫണ്ട് വകയിരുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-21 ടെണ്ടർ നടപടികൾ സ്വീകരിച്ചില്ല.

| | |
|---|---|
| പ്രോജക്ട് നം, പേര് | 208/2021,വിദ്യാർത്ഥികൾക്ക് ടി.വി, ലാപ്പ്ടോപ്പ് വാങ്ങൽ |
| അടങ്കൽ, ഫണ്ട് | 1000000,തനത് ഫണ്ട് |
| ചെക്ക് നം. തീയതി, ചെലവ് | 6059155.31.10.2020, 826000 |
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെഡ്മിസ്ട്രസ്, യു.പി സ്കൂൾ, അശമന്നൂർ |

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 12.06.2020 ലെ സർക്കാർ ഉത്തരവ് നം (സാധാ) 1114/2020 പ്രകാരം കോവിഡ് വ്യാപനകാലഘട്ടത്തിൽ ഓൺലൈൻ വിദ്യാഭ്യാസം സാർവ്വത്രികമാക്കുന്നതിന്റെ ഭാഗമായി ഓൺലൈൻ സംവിധാനം ലഭ്യമാകാത്തതും, ടി.വി സംവിധാനം ലഭിക്കാത്തതുമായ ദരിദ്ര വിദ്യാർത്ഥികൾക്ക് ഗ്രാമപഞ്ചായത്ത മുഖേന ആയത് ലഭ്യമാക്കുവാൻ ഉത്തരവിൽ പറയുന്നുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ മേൽ പ്രോജക്ട് പ്രകാരം തനത് ഫണ്ടിൽ നിന്ന് തുക വകയിരുത്തുകയും M/s ആർ.ജെ എന്റർപ്രൈസസ്,18/299A, കടമപ്പുഴ ബിൽഡിംങ്, മധുരഞ്ചേരി റോഡ്,നിയർ ബഥനി ആശ്രമം, കളത്തിപ്പടി എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങുകയും ഗ്രാമ പഞ്ചായത്തിലെ 140 കുട്ടികൾക്ക് ആയതിന്റെ പ്രയോജനം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. അത് പഞ്ചായത്തിന്റെ ഭാഗത്ത് നിന്നുണ്ടായ ശ്ലാഘനീയമായ പ്രവൃത്തിയാണ്. എന്നാൽ ഈ പ്രോജക്ടിന്റെ വാങ്ങൽ നടപടികളിൽ ചില അപാകതകൾ കാണുന്നു.

1) 5 ലക്ഷത്തിന് മുകളിലുള്ള വാങ്ങലുകൾ ഇ-ടെണ്ടർ മുഖാന്തരമായിരിക്കണമെന്ന് ധനകാര്യ വകുപ്പിന്റെ 17.11.2015 ലെ ജി.ഒ (പി) നം 524/15ാം നമ്പർ ഉത്തരവിൽ പറയുന്നുണ്ട്. എന്നാൽ പരസ്യം നല്കിയിട്ടുണ്ടെങ്കിലും ഇ-ടെണ്ടർ ചെയ്തിട്ടുള്ള വിവരങ്ങൾ ഫയലിൽ നിന്ന് ലഭ്യമല്ല.

2) പ്രസ്തുത വാങ്ങൾ നടപടികൾ CPRCS സംവിധാനം വഴിയോ GeM വഴിയോ വാങ്ങിയതായി കാണുന്നില്ല.

3) സർക്കാർ, എയ്ഡഡ് സ്കൂളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വിക്ടേഴ്സ് ചാനൽ വഴി ലഭ്യമാകുന്ന ക്ലാസ്സുകൾ പഠനോപകാരപ്രദമാക്കുന്നതിനാണ് ഈ പദ്ധതി നടപ്പിലാക്കുവാൻ സർക്കാർ ഉദ്ദേശിച്ചിട്ടുള്ളത്. എന്നാൽ ഗുണഭോക്തൃ ലിസ്റ്റിലെ 109 ഗുണഭോക്താവായ കുമാരി അഞ്ജു.ടി ആർ, തട്ടുപറമ്പിൽ, മേതല പി.ഒ എന്ന കുട്ടി പെരുമ്പാവൂർ മാർത്തോമ കോളേജ് ഫോർ വുമൺ എന്ന സ്ഥാപനത്തിൽ ബാച്ചിലർ ഓഫ് വൊക്കേഷണൽ ഫാഷൻ ടെക്നോളജി പഠിക്കുന്നതുമാണ്. ഈ ഗുണഭോക്താവിന് അനർഹമായി ടി.വി അനുവദിച്ചിട്ടുണ്ട്. ഗുണഭോക്തൃലിസ്റ്റിൽ അർഹരായ 165 ഗുണഭോക്താക്കൾ ഉണ്ടെന്നിരിക്കെ അനർഹർക്ക് ആനുകൂല്യം നല്കിയതിന് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് കൊണ്ട് 13.12.2021 ൽ നല്കിയ 20ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ഇ-ടെണ്ടർ നടപടികൾ സ്വീകരിച്ചാൽ കാലതാമസം ഉണ്ടാകുന്നതിനാലും ആയത് കുട്ടികളുടെ പഠനത്തെ ബാധിക്കുമെന്നതിനാലുമാണ് അടിയന്തരമായി ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചതെന്നമാണ് മറുപടി ലഭ്യമാക്കിയത്. സർക്കാർ നിർധനരും, അർഹരുമായ ഗുണഭോക്താക്കൾക്ക് ആനുകല്യം നല്കുന്നതിന് വേണ്ടി സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണിത്. ആയതിന് പഞ്ചായത്ത് പരിപൂർണ്ണമായി സഹകരച്ചിട്ടുണ്ട്. എങ്കിലും വാങ്ങൽ നടപടിക്രമങ്ങളിൽ നിയതമായ രീതി സ്വീകരിക്കുന്നതിന് പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. അർഹരായ ഗുണഭോക്താക്കൾക്ക് തന്നെ ആനുകൂല്യം എത്തിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. പദ്ധതിയുടെ സാമൂഹ്യവ്യാപ്തിയും വിജയവും ഓഡിറ്റ് പരിഗണിക്കുന്നു. ഭാവിയിൽ ഇത്തരത്തിലുള്ള അപാകതകൾ പഞ്ചയാത്തിന്റെ ഭാഗത്ത് നിന്ന് ഉണ്ടാവാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-22 പട്ടികജാതി കോളനിയിൽ പൈപ്പ് ലൈൻ നീട്ടൽ- നൽകേണ്ടതില്ലാത്ത ജി.എസ്.ടി നല്കി.

| | |
|---|---|
| പ്രോജക്ട് നം, പേര് | 54/2021പട്ടികജാതി കോളനിയിൽ പൈപ്പ് ലൈൻ നീട്ടൽ |
| അടങ്കൽ, ഫണ്ട് | 100000, വികസനഫണ്ട് (എസ്.സി.പി) |
| ബിൽ നം , തീയതി, ചെലവ് | 15/20-21, 21.04.20.100000 |

| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
|---|---|

2019-20 സാമ്പത്തിക വർഷത്തിൽ ആവിഷ്കരിച്ച (പ്രോജക്ട് നം 201/19-20) പദ്ധതി സ്പിൽ ഓവർ പ്രോജക്ടായി തൻ വർഷമാണ് മേൽ പ്രോജക്ട് പ്രകാരം നടപ്പിലാക്കിയത്. അശമന്നൂർ ഗ്രാമപഞ്ചായത്തിലെ എടത്തിക്കാവ്-എക്കുന്നം റോഡിലെ 8-ാം വാർഡിലെ പട്ടികജാതി കോളനിയിൽ പൈപ്പ് ലൈൻ നീട്ടൽ എന്ന പ്രോജക്ടിനായി 06.02.2020 ൽ കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ സമർപ്പിച്ച A1-P-2473/2020ാം നമ്പർ കത്ത് പ്രകാരം 100000 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിരുന്നു. ആയതിൻ പ്രകാരം 9765.41 രൂപ ജി.എസ്.ടി ഇനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഗവൺമെന്റ് ഓഫ് ഇന്ത്യ , മിനിസ്ട്രി ഓഫ് ഫൈനാൻസിന്റെ 28.06.2017 ലെ നോട്ടിഫിക്കേഷൻ നമ്പർ 12/2017 പ്രകാരം (Central Tax Rate ) SL No.5 Chapter 99 (Services By A Government (Central Government,State Governmennt,Union Territory, Local Self Government) Or Government Authority By Way Of Any Activity In Relation To Any Function Entrusted To A Panchayath Under Article 243G Of The Constituion Tax-NIL) പഞ്ചായത്തിന്റെ ചുമതലകൾ നിറവേറ്റുന്നതിനുള്ള ഗവൺമെന്റുകളോ, ഗവൺമെന്റ് ഏജൻസികളോ നല്കുന്ന സേവനങ്ങൾക്ക് ജി.എസ്.ടി നൽകേണ്ടതില്ല. ആയതിനാൽ ജി.എസ്.ടി.യിനത്തിൽ അധികമായി നല്കിയ തുക തിരികെ ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും നിക്ഷേപ വിനിയോഗസാക്ഷ്യപത്രവും ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് കൊണ്ട് 15.12.2021 നല്കിയ 16-ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ജി.എസ്.ടി.യിനത്തിൽ അധികമായി നല്കിയ തുക തിരികെ ഈടാക്കി ബന്ധപ്പെട്ട ഹെഡ്ഡിൽ അടവാക്കേണ്ടതാണ്. ഇതേ വരെ നിക്ഷേപ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ ആയത് ലഭ്യമാക്കുന്നത് വരെ 100000 രൂപ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-23 ഡെപ്പോസിറ്റ് പ്രവർത്തികൾ-വിനിയോഗവിവരങ്ങളില്ല.

ഗ്രാമപഞ്ചായത്തിലെ വിവിധ പദ്ധതികൾക്കായി കേരള വാട്ടർ അതോറിറ്റിക്ക് ഡെപ്പോസിറ്റ് വർക്കായി തുക നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ ഈ തുക കൈപ്പറ്റിയതിന്റെ വിവരങ്ങളും കേരള വാട്ടർ അതോറിറ്റിയുമായി പ്രവർത്തികൾ സംബന്ധിച്ച് കരാർ ചമച്ചതിന്റെ വിവരങ്ങളും പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിച്ചതായുള്ള വിനിയോഗസാക്ഷ്യപത്രങ്ങളും ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് നമ്പർ | പ്രൊജക്ടിന്റെ പേര് | നിക്ഷേപിച്ച തുക |
|---|---|---|
| 19/21 | പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | Rs.270000/- (Bill No-2/2020-21 C/o 13/05/2020) |
| 57/21 | അംഗൻവാടി, ബഡ്സ് വാട്ടർ കണക്ഷൻ | Rs.190000/- (Bill No-1/2020-21 C/o 15/05/2020) |
| | ആകെ | 460000/- |

കൂടാതെ എസ്.എസ്.എ പദ്ധതി പ്രകാരം (പ്രോജക്ട് നം-7/21) ജനറൽ വിഭാഗത്തിൽ 3,48,246/- രൂപയും (പ്രോജക്ട് നം-8/21) എസ്,സി വിഭാഗത്തിൽ 2,50,000 രൂപയും ഉൾപ്പടെ ആകെ 5,98,246/- രൂപ എസ്.എസ്.എ. ജില്ലാ പ്രോജക്ട് കോർഡിനേറ്റർക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഈ പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ പ്രവർത്തികളുടെ വിശദവിവരങ്ങളും ചെലവിന്റെ വിവരവും മോണിറ്ററിംഗ് സമിതി റിപ്പോർട്ട്, പ്രവൃത്തിയുടെ വിനിയോഗസാക്ഷ്യപത്രം എന്നിവ ഇതുവരെ ലഭ്യമാക്കിയിട്ടില്ല.

ഇതിനുള്ള വിശദീകരണം ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും രേഖകളൊന്നും ലഭ്യമാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ മുൻകൂർ നൽകിയ 1058246 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.മേൽ പദ്ധതികളുമായി ബന്ധപ്പെട്ട ചെലവിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-24 ചെലവ് രേഖകൾ ഹാജരാക്കിയില്ല

2020-21 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിന്റെ തനതുഫണ്ടിൽ നിന്നും വിവിധ ആവശ്യങ്ങൾക്ക് നടത്തിയ താഴെ കൊടുക്കുന്ന ചെലവുകളുടെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | വൌച്ചർ നം./തിയതി | ചെക്ക് നം./തിയതി | ഹാജരാക്കാത്ത രേഖകളുടെ വിവരം |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 22000165/ 04.06.2020 | 6059135/ 04.06.2020 | തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 21.04.2020ലെ 771/2020 ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിലെ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി തൊഴിലാളികൾക്ക് 65136/- രൂപ ചെലവിൽ മൈക്രോ ടെക് സെയിൽസ് & സർവീസസ് എന്ന സ്ഥാപനത്തിൽ നിന്നും കയ്യുറകൾ വാങ്ങുന്നതിന് ചെലവാക്കിയിട്ടുണ്ട്. എന്നാൽ, സ്ഥാപനത്തിൽ നിന്നുള്ള ബില്ലോ, കയ്യുറകൾ സ്റ്റോക്കിലെടുത്ത് തൊഴിലാളികൾക്ക് വിതരണം ചെയ്തതിന്റെ രേഖകളോ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. |
| 2 | 22000473/ 05.10.2020 | 000001/ 05.10.2020 | എഫ്.എസ്.എൽ.റ്റി.എസ്. നടത്തിപ്പിനായി നോഡൽ ഓഫീസർക്ക് 50000/- രൂപ നൽകിയതിന്റെ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല |

ചെലവ് രേഖകൾ പരിശോധനക്ക് ഹാജരാക്കാത്തതിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 23/21.12.2021) മറുപടി ലഭിച്ചില്ല. ആയതിനാൽ, മേൽ ചെലവ് തുക 115136/- രൂപ തടസപ്പെടുത്തുന്നു.

## 1-25 തായ് ക്കോണ്ടാ പരിശീലനം-അപാകതകൾ

| | |
|---|---|
| പ്രോജക്ടിന്റെ നമ്പർ, പേര് | S0022/20-21, തായ്ക്കോണ്ടാ പരിശീലനം |
| അടങ്കൽ ,ഫണ്ട് | 75950/-,വികസന ഫണ്ട് |
| നിർവ്വഹണം | ഹെഡ്മിസ്ട്രസ്, ഗവ. UPS, അശമന്നൂർ |
| ചെലവു വിവരം | 02/21 11.04.20 രൂപ 60000/- |

അശമന്നൂർ ഗവ. UP സ്കൂളിലെ പെൺകുട്ടികൾക്ക് തായ്ക്കോണ്ടാ പരിശീലനം നൽകുന്നതിനായി പരിശീലകരെ ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷകൾ ക്ഷണിച്ചതിൽ ശ്രീ.റ്റി.പി.വേണുഗോപാലിനെ പരിശീലകനായി തെരഞ്ഞെടുത്തിട്ടുണ്ട്. പരിശീലനം നൽകിയതിന് പ്രതിമാസം 10000/-രൂപ നിരക്കിൽ 60000/- രൂപ പരിശീലകനും നല്കിയിട്ടുണ്ട്.

സ.ഉ (കൈ) നം.11/2018 ത.സ്വ.ഭ.വ തീയതി 29.01.2018 – മാർഗരേഖ, ഖണ്ഡിക 6.3.(8) അനുസരിച്ച് പ്രതിരോധ പരിശീലന പരിപാടിയായ തായ്ക്കോണ്ടാ പരിശീലനം വനിതകൾക്ക് നൽകുന്നതിനുള്ള പ്രോജക്ടുകൾ നടപ്പിലാക്കാവുന്നതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് ടി പ്രോജക്ട് യു പി സ്കൂൾ കുട്ടികൾക്കായാണ് നടപ്പിലാക്കിയിരിക്കുന്നത്. ഇതിന് വികസന ഫണ്ടിൽ നിന്നും 60000/- രൂപ ചെലവഴിച്ചത് സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായാണ്.ആയതിന് വിശദീകരണം നല്കേണ്ടതാണ് എന്നാവശ്യപ്പെട്ട് കൊണ്ട് 15.12.2021 ൽ നല്കിയ 13ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ഗ്രാമപഞ്ചായത്തിലെ ഈ വിദ്യാലയത്തിൽ 2010 മുതൽ ഇത്തരം പരിശീലന പരിപാടികൾ നടക്കുന്നുണ്ടെന്നും ജില്ലാതലത്തിലെ മത്സരങ്ങളിൽ സമ്മാനാർഹരായ അനേകം വിദ്യാർത്ഥികൾ ഉണ്ടായിട്ടുണ്ടെന്നും, ഈ പദ്ധതി കൊണ്ട് വിദ്യാർത്ഥികൾക്ക് കായികമായും മാനസീകമായും ഉന്നതി ലഭിച്ചിട്ടുണ്ടന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയത്. ആയത് ഓഡിറ്റ് അഗീകരിക്കുന്നു. എങ്കിലും സബ്സിഡി മാർഗ്ഗരേഖയിൽ ഉൾപ്പെടാത്ത പദ്ധതികൾ ഏറ്റെടുക്കുമ്പോൾ സർക്കാർ സാധൂകരണം നേടുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-26 കരാറുകാരിൽ നിന്ന് ജി.എസ്.ടി ഈടാക്കിയില്ല

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി നടപ്പിലാക്കിയ മെറ്റീരിയൽ വർക്കുകൾക്ക് ടെണ്ടർ ക്ഷണിച്ച് സാധനങ്ങൾ വാങ്ങിയിട്ടുണ്ട്. കരാർ പ്രകാരം സാധനങ്ങൾ സപ്ലൈ ചെയ്തതിന് തുക അനുവദിച്ചപ്പോൾ നിയമാനുസൃതം ഈടാക്കേണ്ട GST ഈടാക്കിയിട്ടില്ല. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം | പ്രവൃത്തി/ വാർഡ് | കരാറുകാരൻ | തുകയും അനുവദിച്ച തീയതിയും FTOനമ്പറും എം.ബുക്ക് നം | ഈടാക്കേണ്ട ജി.എസ്.ടി (2%) |
|---|---|---|---|---|
| 1 | വെള്ളാറത്തോട് നിർമ്മാണം XII | ശ്രീ.സലിംകുമാർ | 514660/- FTOno.5353 07.01.2021 01/2019-20 | 10292 |

| | | | | |
|---|---|---|---|---|
| 2 | ആനാംകുവിത്താഴം-മാവേലിപ്പടിത്തോട് നിർമ്മാണം IX | ശ്രീ.സലിംകുമാർ | 685424/- FTO No.8641 16.03.2021 02/2019-20 | 13708 |
| 3 | നൂലേലിത്തോട് കെട്ടിസംരക്ഷണം VII | ശ്രീ.സലിംകുമാർ | 716553/- FTO No.8659 16.03.2021 43/2019-20 | 14331 |
| 4 | കോട്ടച്ചിറ നിർമ്മാണവും കയർ ഭൂവസ്ത്രം വിരിക്കലും IX | ശ്രീ.സി.വി സുഗതൻ | 422838/- FTO No.4864 22.12.2020 06/2020 | 8457 |
| ആകെ | | | | 46788 |

1)കരാറുകാർ സപ്ലൈ ചെയ്യുന്ന മെറ്റീരിയൽ സ്റ്റാക്ക് ചെയ്ത് അതിന്റെ അളവ് എം ബുക്കിൽ രേഖപ്പെടുത്തുന്നില്ലാത്തതിനാൽ വിവിധ പദ്ധതികൾക്കായി സപ്ലൈ ചെയ്ത മെറ്റീരിയലിന്റെ അളവ് കൃത്യമായി നിർണ്ണയിക്കുവാൻ സാധിക്കുന്നില്ല.

മേൽപ്പറഞ്ഞ തുക കരാറുകാരിൽ നിന്നും ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഓഡിറ്റിനായി ഹാജരാക്കേണ്ടതാണെന്നും, പ്രത്യേകമായി ചേർത്തിട്ടുള്ള പരാമർശങ്ങൾക്കും മറുപടി ലഭ്യമാക്കേണ്ടതാണെന്നും ചൂണ്ടിക്കാട്ടി 21.12.2021 ൽ നല്കിയ 18ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ബന്ധപ്പെട്ട കരാറുകാരിൽ നിന്ന് ജി.എസ്.ടി ഈടാക്കി ബന്ധപ്പെട്ട ഹെഡ്ഡിൽ അടവാക്കേണ്ടതാണ്.

## 1-27 അനുപൂരക പോഷകാഹാരപദ്ധതിയിൽ വിതരണം ചെയ്ത അമൃതം ന്യൂട്രിമിക്സിന് ബാധകമല്ലാത്ത ജി.എസ്.ടി ചുമത്തിയത് മൂലം അധിക ചെലവ്.

ഐ.സി.ഡി.എസ് സൂപ്പർവൈസർ 2020-21 വർഷം നടപ്പിലാക്കിയ അനുപൂരക പോഷകാഹാര പദ്ധതിയുടെ (പ്രോജക്ട് നം – 99/2021) ഭാഗമായി അങ്കണവാടികളിൽ അമൃതം ന്യൂട്രിമിക്സ് (കി.ഗ്രാമിന് 70 രൂപ നിരക്കിൽ) വിതരണം ചെയ്തത് കീഴില്ലം ഓജസ് ന്യൂട്രിമിക്സ് അക്ടിവിറ്റി ഗ്രൂപ്പാണ്. കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന്റെ ചരക്ക് സേവന നികുതിയുമായി ബന്ധപ്പെട്ട 28.6.2017 ലെ നോട്ടിഫിക്കേഷൻ നം 12/2017- Central Tax (Rate) ലെ ക്രമ നം. 66 ക്ലോസ് (B) (Ii) പ്രകാരം കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായത്തോടെ സ്കൂളുകളിലും അങ്കണവാടികളിലും വിതരണം ചെയ്യുന്ന ഭക്ഷണസാധനങ്ങൾക്ക് ജി.എസ്.ടി പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. കേന്ദ്രധനകാര്യ മന്ത്രാലയത്തിന്റെ 17.6.2021ലെ 149/05/2021നമ്പർ സർക്കുലറിൽ സർക്കാർ സഹായത്തോടെയോ സംഭാവനകൾ വഴിയായോ ഉള്ള, അങ്കണവാടികൾ ഉൾപ്പടെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയും ഭക്ഷണവിതരണ പരിപാടികൾക്ക് ജി.എസ്.ടി ബാധകമല്ല എന്ന കാര്യം സ്പഷ്ടീകരിച്ചിട്ടുണ്ട്. എന്നാൽ അശമന്നൂർ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ പദ്ധതിയിൽ വിതരണം ചെയ്ത അമൃതം ന്യൂട്രിമിക്സിന്റെ ബില്ല് പരിശോധിച്ചതിൽ, അമൃതം ന്യൂട്രിമിക്സിന്റെ വിലയോടൊപ്പം 5% ജി.എസ്.ടി ചുമത്തിയിട്ടുണ്ട്. വിശദ വിവരങ്ങൾ താഴെകൊടുക്കുന്നു.

| ക്രമ നം | ന്യൂട്രിമിക്സിന്റെ ബിൽ നം | ന്യൂട്രിമിക്സിന്റെ വില | ചുമത്തിയ ജി.എസ്.ടി | ചെലവ് വിവരം |
|---|---|---|---|---|
| 1 | 86/30.01.2020 | 47250 | 2362.00 | ട്രഷറി ബിൽ 01/09.7.2020 |
| 2 | 102/24.02.2020 | 48930 | 2446.00 | " |
| 3 | 11/02.05.2020 | 52500 | 2624.00 | " |
| 4 | 111/31.03.2020 | 47460 | 2372.00 | " |
| 5 | ..../04/2020 | 50610 | 2530.00 | " |
| 6 | 114/12.01.2020 | 58800 | 2940.00 | ട്രഷറി ബിൽ 11/25.03.2021 |
| 7 | 25/23.07.2020 | 69090 | 3454.00 | Central Share ചെക്ക് നം.433086 തി.02.12.2020 |
| 8 | 85/13.11.2020 | 61320 | 3066.00 | |
| 9 | 69/16.10.2020 | 65730 | 3286.00 | |

| | | | | |
|---|---|---|---|---|
| 10 | 47/16.09.2020 | 64260 | 3212.00 | Central Share ചെക്ക് നം.433086 തി.02.12.2020 |
| | Total | | 28,292.00 | |

അങ്കണവാടി ഭക്ഷണവിതരണത്തിന് ബാധകമല്ലാത്ത ജി.എസ്.ടി കൂടി ഉൾപ്പെട്ട തുക വിതരണ സ്ഥാപനത്തിന് നൽകിയത് മൂലം പഞ്ചായത്ത് ഫണ്ടിൽ നിന്നും 28292 രൂപയുടെ അധികച്ചെലവുണ്ടായിട്ടുണ്ട്. കൂടാതെ ഗർഭിണികളായവർക്ക് വിതരണം നടത്തുന്ന സഫല പോഷകാഹാരത്തിന് ഒക്ടോബർ 2020 വരെ ജി.എസ്.ടി ഈടാക്കിയിരുന്നില്ല. എന്നാൽ 2020 ഒക്ടോബർ, നവംബർ മാസങ്ങളിലെ 72 തി.16.10.20,86 തി.13.11.20 നമ്പർ ബില്ലുകളിൽ യഥാക്രമം 1190 രൂപ, 1262 രൂപ ജി.എസ്.ടി. ഈടാക്കിയിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച ഉത്തരവൊന്നും ഹാജരാക്കിയിട്ടില്ല. കേന്ദ്രധനകാര്യ മന്ത്രാലയത്തിന്റെ 17.6.2021ലെ 149/05/2021നമ്പർ സർക്കുലറിൽ അങ്കണവാടി പോഷകാഹാര വിതരണത്തെ 28/06/2017 ലെ ജി.എസ്.ടി നോട്ടിഫിക്കേഷൻ പ്രകാരം തന്നെ ജി.എസ്.ടിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതായി അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ നൽകിയ ജി.എസ്.ടി. റീഫണ്ടായി വിതരണക്കാർക്ക് ലഭിക്കുന്നതിന് സാധ്യതയുണ്ട്. ജി.എസ്.ടി. റീഫണ്ട് ലഭിക്കുന്ന മുറക്ക് ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നും ജി.എസ്.ടിയിനത്തിൽ നൽകിയ 30744/-രൂപ തിരികെ ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-28 ആംബുലൻസ് വാങ്ങൽ- സമയബന്ധിതമായ തുടർനടപടികൾ സ്വീകരിക്കാത്തതിനാൽ അധികച്ചെലവ്.

ബഹു പെരുമ്പാവൂർ എം.എൽ.എ യുടെ പ്രത്യേക വികസനഫണ്ടിൽ നിന്നും അശമന്നൂർ ഗ്രാമപഞ്ചായത്തിനു കീഴിലുള്ള ഓടക്കാലി പ്രാഥമികാരോഗ്യകേന്ദ്രത്തിന് ശീതികരിച്ച ആംബുലൻസ്, മൊബൈൽ ഫ്രീസർ, ജനറേറ്റർ എന്നിവ അനുവദിക്കുന്നതിന് 16,29,000/- രൂപയുടെ ഭരണാനുമതി നൽകി ബഹു എറണാകുളം ജില്ലാ കളക്ടർ ഉത്തരവായിരുന്നു. (ഉത്തരവ് നമ്പർ DC Ekm/7662/19-F3 Dtd 16/08/2019) ബഹു എം.എൽ.എ. യുടെ പ്രത്യേക വികസനഫണ്ടിൽ നിന്നും നൽകുന്ന ആംബുലൻസിന്റെ തുടർചെലവുകളും പരിപാലനവും ഗ്രാമപഞ്ചായത്ത് വഹിച്ചുകൊള്ളാമെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി കളക്ടേറ്റിൽ അറിയിച്ചിരുന്നു. മൊബൈൽ ഫ്രീസർ, ജനറേറ്റർ എന്നിവ വാങ്ങുന്നതിന് 18/07/2019ൽ പെരുമ്പാവൂർ സർജിക്കൽസ് പ്രൈവറ്റ് ലിമിറ്റഡ് നൽകിയ 275200 രൂപയുടെ ഇൻവോയ്സ്, ശീതീകരിച്ച ആംബുലൻസ് വാങ്ങുന്നതിന് ഇടപ്പള്ളി പോപ്പുലർ മെഗാമോട്ടോർസ് പ്രൈവറ്റ് ലിമിറ്റഡ് നൽകിയ 13,53,088 രൂപയുടെ ക്വട്ടേഷൻ കം പ്രൊഫോർമ ഇൻവോയ്സ് എന്നിവ പ്രകാരമാണ് ബഹു.കളക്ടർ 16,29,000 രൂപയുടെ ഭരണാനുമതി നൽകിയിട്ടുള്ളത്. ഭരണാനുമതി നൽകിയ ഉത്തരവിലെ ക്രമനം-5 വ്യവസ്ഥ പ്രകാരം ആംബുലൻസ്, മൊബൈൽ ഫ്രീസർ, ജനറേറ്റർ എന്നിവ ഉത്തരവ് ലഭിച്ച് 2 മാസത്തിനകം സ്ഥാപിക്കേണ്ടതും തുടർന്ന് ബില്ലും അനുബന്ധരേഖകളും തുക നൽകുന്നതിലേക്കായി കളക്ടേറ്റിലേക്ക് സമർപ്പിക്കേണ്ടതുമാണ്. അനുവദിച്ച സമയത്തിനുള്ളിൽ പ്രവർത്തി പൂർത്തീകരിക്കുവാൻ സാധിക്കാതെ വന്നാൽ കാരണം വ്യക്തമാക്കി രേഖാമൂലം അപേക്ഷിച്ച് കാലാവധി നീട്ടി വാങ്ങി ഉപകരാർ വയ്ക്കുകയും കോപ്പി ബില്ലിനൊപ്പം നൽകണമെന്നും നിർദ്ദേശിച്ചിരുന്നു. പദ്ധതി ഫയൽ പരിശോധിച്ചതിൽ ഭരണാനുമതി നൽകിയ ആകെ 16,29,000 രൂപ ( ചെക്ക് നം. 1655400 Dtd 25/06/2020) കൂടാതെ തനത് ഫണ്ടിൽ നിന്നും 61/21 പ്രോജക്ട് മുഖാന്തിരം 1,57,395 രൂപ ( ചെക്ക് നം. 6059137 Dtd 25/06/2020) കൂടി ചെലവഴിച്ച് ആകെ 17,82,922/- രൂപക്കാണ് പദ്ധതിയിലെ ആംബുലൻസ് മാത്രം പൂംകുടി മോട്ടോർസ്, ഇടപ്പള്ളി എന്ന സ്ഥാപനത്തിൽ നിന്നും ഗ്രാമപഞ്ചായത്ത് വാങ്ങിയത്. ഈ ആംബുലൻസ് ആകട്ടെ നോൺ എ.സിയുമാണ്. മൊബൈൽ ഫ്രീസർ, ജനറേറ്റർ എന്നിവ വാങ്ങുന്നതിന് തനത് ഫണ്ടിൽ നിന്നും 202/21 പ്രോജക്ട് മുഖാന്തിരം 2,57,815 രൂപ (ചെക്ക് നം. 6059157 Dtd 27/10/2020) കൂടി അധികം ചെലവഴിച്ചിട്ടുണ്ട്. ഇപ്രകാരം 16,29,000 രൂപയുടെ ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ ലഭിച്ച പദ്ധതി 4,15,210 രൂപ കൂടി അധികം ചെലവഴിച്ചാണ് പഞ്ചായത്ത് നടപ്പിലാക്കിയത്. പദ്ധതി സംബന്ധിച്ച് കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

01) 16/08/2019 ൽ ലഭിച്ച ബഹു.കളക്ടറുടെ ഭരണാനുമതി ഉത്തരവ് പ്രകാരം 2 മാസത്തിനകം സാധനങ്ങൾ വാങ്ങി സ്ഥാപിക്കേണ്ടിയിരുന്നു.എന്നാൽ 8 മാസത്തിനു ശേഷമാണ് വാഹനം വാങ്ങുന്നതിന് സപ്ലൈ ഓർഡർ നൽകുന്നത്.

02) അനുവദിച്ച സമയത്തിനുള്ളിൽ പ്രവർത്തി പൂർത്തീകരിക്കുവാൻ സാധിക്കാതെ വന്നാൽ കാരണം

വ്യക്തമാക്കി രേഖാമൂലം അപേക്ഷിച്ച് കാലാവധി നീട്ടി വാങ്ങണമെന്ന് ബഹു കളക്ടർ നിർദ്ദേശിച്ചിരുന്നു. എന്നാൽ പദ്ധതി 10 മാസത്തിലധികം വൈകിയിട്ടും കളക്ടേറ്റിൽ രേഖാമൂലം അറിയിച്ച് കാലാവധി നീട്ടി വാങ്ങിയത് സംബന്ധിച്ച രേഖകളൊന്നും ഹാജരാക്കിയില്ല.

03) ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 20/06/2020 ലെ യോഗത്തിലെ 2(2) തീരുമാനപ്രകാരം മുഴുവൻ തുകയും തനത്ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിനും അലോട്ട്മെന്റ് ലഭ്യമാകുന്ന മുറക്ക് തിരികെ തനതുഫണ്ടിൽ ഉൾപ്പെടുത്തുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മുഴുവൻ തുകയും തനത്ഫണ്ടിൽ നിന്നും ചെലവഴിക്കുന്ന സാഹചര്യത്തിൽ വാങ്ങലിൽ 10 മാസത്തെ കാലതാമസവും അധിക തുക ചെലവഴിക്കേണ്ടിവന്നതും വിശദീകരിച്ചിട്ടില്ല.

04) മൊബൈൽ ഫ്രീസർ, ജനറേറ്റർ എന്നിവ വാങ്ങുന്നതിന് 18/07/2019ൽ പെരുമ്പാവൂർ സർജിക്കൽസ് പ്രൈവറ്റ് ലിമിറ്റഡ് നൽകിയ 275200 രൂപയുടെ ഇൻവോയ്സ്, ശീതികരിച്ച ആംബുലൻസ് വാങ്ങുന്നതിന് ഇടപ്പള്ളി പോപ്പുലർ മെഗാമോട്ടോർസ് പ്രൈവറ്റ് ലിമിറ്റഡ് നൽകിയ 1353088 രൂപയുടെ ക്വട്ടേഷൻ കം പ്രോഫോർമ ഇൻവോയ്സ് എന്നിവ പ്രകാരമാണ് ബഹു.കളക്ടർ 16,29,000 രൂപയുടെ ഭരണാനുമതി നൽകിയിട്ടുള്ളത്. എന്നാൽ കളക്ടറുടെ ഉത്തരവ് പ്രകാരമുള്ള സ്ഥാപനങ്ങളിൽ നിന്നും വാങ്ങൽ നടത്താതിരുന്നത് വിശദീകരിച്ചിട്ടില്ല. ഭരണാനുമതി തുകക്ക് ആധാരമായ സ്ഥാപനങ്ങളുടെ നിരക്ക് ഉണ്ടായിരുന്നിട്ടും ഈ ആവശ്യത്തിലേക്ക് സ്ഥാപനങ്ങളുമായി ഏതെങ്കിലും രീതിയിലുള്ള ആശയവിനിമയം നടത്തിയതിന്റെ തെളിവുകളൊന്നുമില്ല.

05) ഭരണാനുമതി ഉത്തരവിൽ ലാഭേച്ഛയില്ലാതെ, പരിപാലനചെലവ് മാത്രം ഉൾപ്പെടുത്തി വാടകനിരക്ക് നിശ്ചയിക്കുവാൻ നിർദ്ദേശിച്ചിരുന്നു. നിർദ്ദേശപ്രകാരമുള്ള നടപടി സ്വീകരിച്ചിരുന്നോ എന്നതിന്റെ വിവരങ്ങളൊന്നും ഫയലിൽ ലഭ്യമല്ല. നിലവിൽ സൗജന്യമായാണ് ആംബുലൻസിന്റെ സേവനം നൽകി വരുന്നത്. പി.എച്ച്.സി.ക്കാണ് ആംബുലൻസ് അനുവദിച്ചിരിക്കുന്നതെങ്കിലും പഞ്ചായത്ത് തനതുഫണ്ട് ഉപയോഗിച്ചാണ് ചെലവുകൾ നടത്തിവരുന്നത്.

06) ഭരണാനുമതി ഉത്തരവിലെ നിർദ്ദേശങ്ങൾ പ്രകാരം യഥാസമയം നടപടി സ്വീകരിക്കാതിരുന്നത് മൂലം തനത് ഫണ്ടിന് 4,15,210 രൂപയുടെ അധികച്ചെലവുണ്ടായി. ശീതികരിച്ച ആംബുലൻസിനു പകരം ഉയർന്ന വില നൽകി ശീതികരിക്കാത്ത ആംബുലൻസും വാങ്ങേണ്ടിവന്നു. കൂടാതെ പദ്ധതിയിൽ വാങ്ങിയ മൊബൈൽ ഫ്രീസർ ഇതുവരെ പ്രവർത്തിപ്പിക്കുവാനുമായിട്ടില്ല. അത് ഉപയോഗിക്കണമെങ്കിൽ ഇനിയും തുക തനതുഫണ്ടിൽ നിന്നും ചെലവഴിക്കേണ്ട സ്ഥിതിയാണ്.

നിയമസഭ ഉപതിരഞ്ഞെടുപ്പ് മൂലമുള്ള മാതൃക പെരുമാറ്റച്ചട്ടം നിലവിൽ വന്നതും കോവിഡ് ലോക്ഡൌൺ നടപ്പാക്കിയതും മൂലമാണ് വാങ്ങൽ നീണ്ടുപോയതെന്നാണ് പഞ്ചായത്ത് അറിയിച്ചത്. എന്നാൽ സർക്കാർ നിർദ്ദേശാനുസരണം യഥാസമയം നടപടികൾ സ്വീകരിച്ചിരുന്നുവെങ്കിൽ വാങ്ങൽ നടപടിക്രമങ്ങളിൽ വന്ന കാലതാമസം മൂലം ഗ്രാമപഞ്ചായത്തിനുണ്ടായ വലിയ അധികച്ചെലവ് ഒഴിവാക്കാനും മുതൽമുടക്കിന് കൂടുതൽ മെച്ചപ്പെട്ട സേവനം ലഭിക്കുന്നതിനും കഴിയുമായിരുന്നു എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. പദ്ധതി നടത്തിപ്പിൽ ഇത്തരം അപാകങ്ങൾ ഒഴിവാക്കാൻ ഭരണസമിതിയുടെ സവിശേഷ ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 1-29 സ്ട്രീറ്റ് ലൈറ്റ് അറ്റകുറ്റപ്പണികൾ- വിശദവിവരങ്ങളില്ല.

പ്രോജക്ട് നം – 20/21
നിർവ്വഹണം – സെക്രട്ടറി
ബിൽ നം – 05/2020-21 Rs.399497/- C/o 15/05/2020

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിലെ സ്ട്രീറ്റ് ലൈറ്റ് അറ്റകുറ്റപ്പണികൾക്കായി 2020-21 വർഷം പ്ലാൻഫണ്ട് – ധനകാര്യകമ്മീഷൻ വിഹിതത്തിൽ നിന്നും 3,99,497/- രൂപ ചെലവഴിച്ചിട്ടുണ്ട്. അറ്റകുറ്റപ്പണികൾ നടത്തിയതിന് സർവ്വീസ് ചാർജായി 285000/- രൂപയും മെറ്റീരിയൽസിനായി 111932/- രൂപയുമാണ് കരാറുകാരായ തൃശ്ശൂർക്കാരൻ ഗ്രൂപ്പിന് നൽകിയിട്ടുള്ളത്. പദ്ധതിയുടെ ക്വട്ടേഷൻ വിശദാംശങ്ങൾ, അറ്റകുറ്റപ്പണികൾക്കായി കരാറുകാരനുമായി ഏർപ്പെട്ട കരാർ, ഗ്രാമപഞ്ചായത്തിലെ ആകെ തെരുവുവിളക്കുകളുടെ കണക്കുകൾ (വാർഡടിസ്ഥാനത്തിലും ഇനം തിരിച്ചും) എന്നീ അടിസ്ഥാനവിവരങ്ങൾ

പദ്ധതി ഫയലിനൊപ്പം ഹാജരാക്കിയിട്ടില്ല. ആയത് പരിശോധനക്ക് ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും രേഖകളൊന്നും ഹാജരാക്കിയില്ല. പഞ്ചായത്തിലെ ആകെ തെരുവുവിളക്കുകളുടെ എണ്ണം പോലുള്ള അടിസ്ഥാനവിവരങ്ങളില്ലാതെ 979 തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണികൾ നടത്തിയതിനും, കരാറുകാരൻ ഹാജരാക്കിയ ബിൽ പ്രകാരം തുക നൽകിയിട്ടുണ്ട്. എന്നാൽ മെയിന്റനൻസ് നടത്തിയത് സംബന്ധിച്ച കെ.എസ്.ഇ.ബി.യിൽ നിന്നുള്ള സാക്ഷ്യപത്രം തുടങ്ങിയ രേഖകളൊന്നും ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്ത് തെരുവുവിളക്ക് ഉപകരണങ്ങളും എൽ.ഇ.ഡി. ബൾബുകളും വാറന്റിയോടെയാണ് വാങ്ങുന്നത്. എന്നാൽ വാറന്റി നിലവിലുണ്ടോ എന്നത് പരിശോധിക്കാതെ പുതിയ വാങ്ങലിനുള്ള തുക കൂടി പദ്ധതിയിൽ നിന്നും നൽകിയിട്ടുണ്ട്.ഗ്രാമപഞ്ചായത്തിന്റെ ക്വട്ടേഷൻ നോട്ടീസ് പ്രകാരം കരാറുകാരനായി തെരഞ്ഞെടുത്ത തൃശ്ശൂർക്കാരൻ ഗ്രൂപ്പ് 9 Watt LED ബൾബിന്റെ നിരക്കാണ് (Rs.107/bulb) ക്വാട്ട് ചെയ്തിരുന്നത്. എന്നാൽ ഒന്നിന് 200 രൂപ നിരക്കിൽ 347 എണ്ണം 15 Watt LED Bulb ന്റെ വിലയാണ് കരാറുകാരൻ ഹാജരാക്കിയ ബിൽ പ്രകാരം നൽകിയത്. കൂടാതെ ഡബിൾ കോർവയർ 26 Roll (ഒന്നിന് 850 രൂപ നിരക്കിൽ) നായി ആകെ 22,100 രൂപ നൽകിയിട്ടുണ്ട്. എന്നാൽ ഈയിനം ക്വട്ടേഷൻ പ്രകാരമുള്ളതല്ല. സർക്കാർ നിർദ്ദേശങ്ങളും മാനദണ്ഡങ്ങളും അനുസരിക്കുകയോ പദ്ധതി നടത്തിപ്പിലെ സുതാര്യത ഉറപ്പുവരുത്തുകയോ ചെയ്തിട്ടില്ല. സർക്കാരിന്റെ വാങ്ങൽ നടപടി ക്രമങ്ങളും കൃത്യമായി പാലിക്കപ്പെട്ടിട്ടില്ല. മേൽ അപാകങ്ങളുടെ അടിസ്ഥാനത്തിൽ പദ്ധതിയിലെ 3,99,497 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-30 വികസന ചരിത്രം -ഡോക്യുമെന്ററി തയ്യാറാക്കൽ- അനുവദീയമായതിലുമധികം തുക ചെലവഴിച്ചു.

സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഭരണസമിതികളുടെ ബഹുതലത്തിലുള്ള വിവിധ വികസന ക്ഷേമപ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് വീഡിയോ ഡോക്യുമെന്ററി നിർമ്മിക്കുന്നതിന് തനതുഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് 28/02/2020 ലെ സർക്കാർ ഉത്തരവ് (സാധാ) നം.501/2020 /തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്, 04/08/2020 ലെ സർക്കാർ ഉത്തരവ് (സാധാ) നം.1452/2020 /തദ്ദേശസ്വയംഭരണ (എഫ്.എം)വകുപ്പ് ഉത്തരവുകൾ വഴി അനുവദിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകൾക്ക് പരമാവധി ഒരു ലക്ഷം രൂപയാണ് ഈയിനത്തിൽ ചെലവഴിക്കാൻ അനുവാദമുള്ളത്. എന്നാൽ അശമന്നൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി നടപ്പിലാക്കിയ വികസന ചരിത്രം-ഡോക്യുമെന്ററി തയ്യാറാക്കൽ പദ്ധതിക്ക് (പ്രോജക്ട് നം-201/2021) തനത് ഫണ്ടിൽ നിന്നും 3,00,000 രൂപ ചെലവഴിച്ചു. വിശദാംശങ്ങൾ ഖണ്ഡിക 3-2 ആയി ചേർത്തിട്ടുണ്ട്.

## 1-31 കമ്മറ്റി തീരുമാനങ്ങളിൽ സ്വീകരിച്ച തുടർ നടപടി വിവരങ്ങൾ ലഭ്യമാക്കിയില്ല.

ഗ്രാമപഞ്ചായത്ത് ജനറൽ കമ്മറ്റിയോഗങ്ങളിൽ എടുക്കുന്ന തീരുമാനങ്ങൾ യഥാസമയം നടപ്പാക്കപ്പെടുന്നുണ്ടോ എന്നു നിരീക്ഷിക്കുന്നതിനാവശ്യമായ നടപടികൾ പഞ്ചായത്തിൽ സ്വീകരിച്ചിട്ടില്ല. ഇതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. പഞ്ചായത്ത് ജനറൽ കമ്മിറ്റിയുടെ താഴെ പറയുന്ന തീരുമാനങ്ങളിൽ സ്വീകരിച്ചിട്ടുള്ള തുടർ നടപടി വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.18/20-21/20.12.21) മറുപടി ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | തീരുമാന നം./തീയതി | തീരുമാനം | പരാമർശം |
|---|---|---|---|
| 1 | 13(1)/11.2.20 | അശമന്നൂർ ഗ്രാമപഞ്ചായത്ത് പുന്നയം പാടത്തുകൂടി പോകുന്ന പൊതു തോട് അളന്ന് തിട്ടപ്പെടുത്തുന്നത് സംബന്ധിച്ച് തോട് പുറമ്പോക്ക് കയ്യേറ്റം തിട്ടപ്പെടുത്തിയ സ്കെച്ച് തഹസിൽദാർ (ഭൂരേഖ) കുന്നത്തുനാട് അയച്ചുതന്നിരിക്കുന്നു. സ്കെച്ച് പ്രകാരം ശ്രീ. അബ്ദുൾ സമദ്, കെ.എൻ പ്രസാദ്, ഹൈറേൻജ് വുഡ് | ടി വിഷയത്തിൽ സ്വീകരിച്ച തുടർ നടപടി വിവരങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. |

| | | | |
|---|---|---|---|
| | | ഇൻഡസ്ട്രീസ് 58 ചതുരശ്ര മീറ്റർ , 127 ചതുരശ്ര മീറ്ററും രമണി, പുളിക്കൽ 132 ചതുരശ്ര മീറ്ററും, ബാബു,പാറക്കാടൻ 43 ചതുരശ്ര മീറ്ററും സർവ്വേ നമ്പർ 68/13 ഭൂമിയിൽ കൈയേറ്റം നടത്തിയിരിക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. ആയതിനാൽ അശമന്നൂർ ഗ്രാമപഞ്ചായത്ത് പുന്നയം പാടത്തുകൂടി പോകുന്ന പൊതു തോട് അളന്ന് തിട്ടപ്പെടുത്തുന്നതിനും ഭൂമികൈയേറ്റം ഒഴിപ്പിക്കുന്നതും സംബന്ധിച്ച് യോഗം വിശദമായി ചർച്ച ചെയ്തു. കൈയ്യേറ്റം നടന്നിട്ടുള്ള ഭൂമി നോട്ടീസ് നൽകി ഒഴിപ്പിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി യോഗം ഐകകണ്ഠേന അംഗീകരിച്ചു. | |
| 2 | 1(2)/22.2.21 | അശമന്നൂർ ഗ്രാമപഞ്ചായത്തിൻറെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ള പെരുവങ്ങപ്പടി കനാൽ ബണ്ട് റോഡ് സ്വകാര്യ വ്യക്തി ( ശ്രീ. പി. ഒ. ഇട്ടിര, പെരുവങ്ങൽ, മേതല പി.ഒ) വാട്ടർ കണക്ഷൻ എടുക്കുന്നതിന് വേണ്ടി 62.60 മീറ്റർ നീളത്തിലും 0.9 മീറ്റർ വീതിയിലും ടാർ റോഡ് അസ്ഥിവാരം ഉൾപ്പടെ വെട്ടിപ്പൊളിച്ചിരിക്കുന്നു. ടി റോഡിൻറെ നഷ്ടം 3090.57/ M2 റേറ്റ് പ്രകാരം 172454/- രൂപയാണെന്നും പഞ്ചായത്തിൻറെ അനുമതിയില്ലാതെയാണ് ടി റോഡ് വെട്ടിപ്പൊളിച്ചിരിക്കുന്നതെന്നും ആതിനാൽ ടി വ്യക്തിയിൽ നിന്നും 172454/- രൂപ ഈടാക്കാവുന്നതാണെന്നുമുള്ള അസിസ്റ്റൻറ് എഞ്ചിനീയർ, എൽ. എസ്. ജി. ഡി. സെക്ഷൻ, അശമന്നൂർ ന്റെ കത്ത് യോഗം ചർച്ച ചെയ്തു. പഞ്ചായത്തിന്റെ അനുമതിയില്ലാതെയാണ് ശ്രീ. പി. ഒ. ഇട്ടിര, പെരുവങ്ങൽ, മേതല പി.ഒ എന്നയാൾ റോഡ് വെട്ടിപ്പൊളിച്ചിരിക്കുന്നതെന്നും ആയതിനാൽ നഷ്ടപരിഹാര തുകയായ 172454/- രൂപ ഈടാക്കേണ്ടതാണെന്നും യോഗം വിലയിരുത്തി. ടി നഷ്ടപരിഹാര തുക ഈടാക്കുന്നതാനിവശ്യമായ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി യോഗം ഐകകണ്ഠേന അംഗീകരിച്ചു. | തുക ഈടാക്കിയ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ് |

## 1-32 മരാമത്ത് പ്രവൃത്തികൾ- പൊതുന്യൂനതകൾ:-

ഗ്രാമപഞ്ചായത്തിലെ അസി.എഞ്ചിനിയർ നിർവ്വഹണോദ്യോഗസ്ഥനായി 20-21വർഷത്തിൽ ഏറ്റെടുത്ത മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലും രേഖകൾ, രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലും ന്യൂനതകൾ ഉണ്ടായിട്ടുള്ളതായി കാണുന്നു.വിശദവിവരം ചുവടെ ചേർക്കുന്നു.

(1) നിശ്ചിത മാതൃകയിലുള്ള ക്യാഷ് ബുക്ക് (ടി ആർ 7A) തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

(2) പ്രവൃത്തികൾ ടെണ്ടർ നൽകുന്നതുമായി ബന്ധപ്പെട്ടുള്ള പ്രിലിമിനറി എഗ്രിമെന്റ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്താതെ ബ്ലാങ്ക് സ്റ്റാമ്പ് പേപ്പർ മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്.

(3) ടെണ്ടർ രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ടെണ്ടർ രജിസ്റ്ററിൽ താഴെ പറയുന്ന വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

(I) ടെണ്ടർ തുറക്കുന്ന അവസരത്തിൽ സന്നിഹിതരായിട്ടുള്ള കരാറുകാരുടെ ഒപ്പ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

(Ii) ടെണ്ടർ സ്വീകരിച്ച തീയതി, സമയം എന്നിവ രേഖപ്പെടുത്തുന്നില്ല.

(Iii) ടെണ്ടർ അംഗീകരിച്ച കമ്മിറ്റി തീരുമാന വിവരം രേഖപ്പെടുത്തുന്നില്ല.

(4) കരാറുകാരനും നിർവ്വഹണോദ്യോഗസ്ഥനുമായി ചമയ്ക്കുന്ന കരാറുകളിൽ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തുന്നില്ല. പൂർത്തീകരണ കാലാവധി രേഖപ്പെടുത്താത്തതിനാൽ പദ്ധതികളുടെ പൂർത്തീകരണത്തിൽ കാലതാമസം ഉണ്ടാകുന്ന പക്ഷം ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുവാൻ സാധ്യമല്ലാതാകുന്നു.

(5) കരാറുകാരനുമായി ചമച്ചിട്ടുള്ള കരാറുകളിലെ പൂർത്തീകരണ കാലാവധിയും പിഴയുമായി ബന്ധപ്പെട്ട ഭാഗം കാലഹരണപ്പെട്ടതാണെന്ന് കാണുന്നു. പുതുക്കിയ പി.ഡബ്യൂ.ഡി മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാറുകൾ തയ്യാറാക്കേണ്ടതാണ്.

(6) കരാറുകാർക്ക് നൽകുന്ന സെലക്ഷൻ നോട്ടീസിൽ തീയതി രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.

പ്രസ്തുത ന്യൂനതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11/20-21/15.12.21)നിർവ്വഹണ ഉദ്യോഗസ്ഥയായ അസി.എഞ്ചിനിയർ ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-33 ഇ ടെണ്ടർ ഇടപാടുകൾക്കായുള്ള ബാങ്ക് അക്കൗണ്ട് - സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

തസ്വഭവ ചീഫ് എഞ്ചിനിയറുടെ 17.8.17 ലെ ഡിബി1/7942/2010/സി ഇ/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം നിലവിൽ ഇ- ടെണ്ടറിന്റെ ആവശ്യത്തിനായി അക്കൗണ്ടില്ലാത്ത എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനിയറിംഗ് വകുപ്പ് മേധാവികളും (ഗ്രാമ പഞ്ചായത്തുകളും, ബ്ലോക്ക് പഞ്ചായത്തുകളും മാത്രം) എസ്.ബി.ഐ ശാഖയിൽ ഔദ്യോഗിക മേൽ വിലാസത്തിൽ ഒരു കറന്റ് അക്കൗണ്ട് തുടങ്ങേണ്ടതാണെന്നും, നിലവിൽ എസ്.ബി.ഐ. ശാഖയിൽ കറന്റ് അക്കൗണ്ട് ഉള്ളപക്ഷം ആയത് ഇതിനുവേണ്ടി ഉപയോഗിക്കാവുന്നതാണെന്നും, എന്നാൽ പ്രസ്തുത ബാങ്ക് അക്കൗണ്ട് ഈ ആവശ്യത്തിനല്ലാതെ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ പാടില്ലായെന്നും സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ടി ആവശ്യത്തിനായി എസ്.ബി.ഐ. ഓടക്കാലി ശാഖയിൽ അക്കൗണ്ട് ആരംഭിച്ചത് 16.7.21 ലാണ്. സർക്കാർ നിർദ്ദേശം പാലിക്കുന്നതിൽ ഗുരുതരമായ വീഴ്ചയാണ് ഉണ്ടായിട്ടുള്ളത്.

ഇ ടെണ്ടർ ഫീ ഇനത്തിൽ എൽ.എസ്.ജി.ഡി. എക്സി.എഞ്ചിനിയറുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിരുന്ന തുക തിരികെ ലഭിച്ചതായി രേഖപ്പെടുത്തി 275474/- രൂപ 4.12.21 ൽ പ്രസ്തുത അക്കൗണ്ടിൽ ക്രെഡിറ്റ് വന്നിട്ടുണ്ട്. (ടി ഇനത്തിൽ എക്സി.എഞ്ചിനിയറുടെ അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്ത തുകയുടെ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ റീഫണ്ടായി ലഭിച്ച തുകയുടെ കൃത്യത ഓഡിറ്റിൽ വ്യക്തമല്ല.) ടി തുക പഞ്ചായത്തിന്റെ തനത് ഫണ്ടിലേയ്ക്ക് തിരികെ നൽകേണ്ടതാണ്. മിനിമം ബാലൻസ് ചാർജ്ജ് എന്ന് രേഖപ്പെടുത്തി ടി അക്കൗണ്ടിൽ നിന്നും 4.12.21 ൽ 1770/- രൂപ ബാങ്ക് ഈടാക്കിയിട്ടുണ്ട്. എന്നാൽ സർക്കാർ നിർദ്ദേശ പ്രകാരം ആരംഭിച്ചിട്ടുള്ള അക്കൗണ്ടുകളിൽ നിന്നും ഇത്തരത്തിലുള്ള തുകകൾ ഈടാക്കാവുന്നതല്ല. ടി തുക തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-34 കേരള ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് - കളക്ഷൻ ചാർജ്ജ് ഈടാക്കിയില്ല

കേരള ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ് ആക്ട്, 1996 പ്രകാരം പ്രവൃത്തികളിൽ കിഴിവ് വരുത്തുന്ന KBOCWW ഇനത്തിലുള്ള തുകയുടെ 1%തുക തദ്ദേശ സ്ഥാപനത്തിന് കളക്ഷൻ ചാർജ്ജായി ലഭിക്കുന്നതാണ്. എന്നാൽ ഇത്തരത്തിലൊരു കളക്ഷൻ ചാർജ് നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതത്തിൽ നിന്നും ഈടാക്കിയിട്ടില്ലാത്തതായി കാണുന്നു, അപാകതയ്ക്ക് വിശദീകരണം

ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.9/20-21/13.12.21) അസി.എഞ്ചിനിയർ ലഭ്യമാക്കിയ മറുപടിയിൽ അപാകത പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കളക്ഷൻ ചാർജ്ജ് ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-35 അശമന്നൂർ ഗവ.യു.പി സ്കൂൾ പുതിയ ക്ലാസ്സ് റൂം നിർമ്മാണം - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

ഗ്രാമ പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിലുൾപ്പെടുത്തി ഗുണഭോക്തൃസമിതി മുഖേന നിർമ്മാണം പൂർത്തിയാക്കിയ പ്രസ്തുത പദ്ധതിയുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുള്ളതായി കാണുന്നു.

(1) *ഓവർഹെഡ് ചാർജ്ജിനത്തിൽ കൺവീനർക്ക് അധിക തുക നൽകി.*

സർക്കാർ ഉത്തരവ് നം.30/2016/ധനം തീ: 29.02.2016 പ്രകാരം ഗുണഭോക്തൃകമ്മിറ്റികൾ വഴി നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് 7.5% ഓവർഹെഡ് ചാർജ്ജ് നൽകാമെന്നും ടി പ്രവൃത്തികൾക്ക് ആവശ്യമായ നികുതികൾ ടി ഗുണഭോക്തൃകമ്മറ്റികളിൽ നിന്നും ഈടാക്കണമെന്നും വ്യവസ്ഥ ചെയ്തിരുന്നു. 01.07.2017 മുതൽ വാറ്റിനു പകരം ജി.എസ്.ടി നിലവിൽ വന്നതിനാൽ വാറ്റ് ഒടുക്കേണ്ടതില്ലെന്നും പ്രസ്തുത വാറ്റിനത്തിലുള്ള 5% തുക കുറവ് ചെയ്ത് ബിൽ നൽകിയാൽ മതിയാകുന്നതാണെന്നും 16.03.2018-ലെ ഡി.ബി.3/9058/17/സിഇ/തസ്വഭവ കത്ത് പ്രകാരം തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയർ സ്പഷ്ടീകരണം നൽകിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിൽ ഗുണഭോക്തൃകമ്മിറ്റി വഴി നടപ്പിലാക്കിയ താഴെ പറയുന്ന പ്രവൃത്തിയിൽ ഓവർഹെഡ് ചാർജ്ജിനത്തിൽ 7.5% വർദ്ധനയാണ് നൽകിയിട്ടുള്ളത്. (പ്രൈസ് ലിസ്റ്റ് പ്രകാരം തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റിൽ 7.5% ഓവർഹെഡ് ചാർജ്ജാണ് അനുവദിച്ചിരുന്നത്.) എന്നാൽ ഇതിൽ നിന്നും 5% കുറവ് വരുത്താതെ ബിൽ തയ്യാറാക്കിയതു മൂലം കൺവീനർക്ക് 88526/-രൂപ അധികം നൽകിയിട്ടുണ്ട്. വിശദവിവരം ഖണ്ഡിക 3-1 ൽ ചേർത്തിട്ടുണ്ട്.

*(2) ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കിയ പ്രവൃത്തിയിൽ നിയമ പ്രകാരമുള്ള നടപടി ക്രമങ്ങൾ പാലിച്ചിട്ടില്ല.*

ഗ്രാമ പഞ്ചായത്തിൽ ഗുണഭോക്തൃ സമിതി കൺവീനർ മുഖേന നടപ്പാക്കിയ ടി മരാമത്ത് പ്രവൃത്തിയിൽ നിയമാനുസൃതം സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ പാലിക്കപ്പെടാത്തതായി പരിശോധനയിൽ കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

(1)മിനിട്സിൽ പ്രവർത്തിയുടെ പ്രഥമ യോഗ വിവരം മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. മറ്റ് വിവരങ്ങൾ, പൂർത്തീകരണ വിവരം, ചെലവ് കണക്ക് എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

(2) പ്രവൃത്തി നിർവ്വഹണവുമായി ബന്ധപ്പെട്ട് കൺവീനറുടേയും, ചെയർമാന്റെയും പേരിൽ ആരംഭിക്കേണ്ട സംയുക്ത ബാങ്ക് അക്കൗണ്ടിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

(3)പ്രവൃത്തിയ്ക്കാവശ്യമായ സാധന സാമഗ്രികൾ വാങ്ങിയതിന്റെ ക്യാഷ് ബിൽ, ചെലവ് രേഖകൾ എന്നിവ ഹാജരാക്കിയിട്ടില്ല. (ഇലക്ട്രിക്കൽ ഉപകരണങ്ങൾ വാങ്ങിയതിന്റെ 27395/- രൂപയുടെ രേഖകൾ മാത്രമാണ് ഫയലിലുള്ളത്)

(4) ക്ലാസ്സ് മുറി വയറിംഗ് ഇൻവോയ്സ് 1406/18.6.20 പ്രകാരം 19894/- രൂപ അളവ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ഇൻവോയ്സ് ഫയലിൽ ഇല്ല.

(5) പ്രവർത്തിയുമായി ബന്ധപ്പെട്ട മസ്റ്റർ റോൾ തയ്യാറാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.22/20-21 /20.12.21) നിർവ്വഹണ ഉദ്യോഗസ്ഥയായ അസി.എഞ്ചിനിയർ മറുപടി ഹാജരാക്കിയിട്ടില്ല. അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും, പദ്ധതി നിർവ്വഹണത്തിൽ നിയമാനുസൃത നടപടി ക്രമങ്ങൾ പാലിക്കേണ്ടതുമാണ്.

## 1-36 ബിറ്റുമിൻ ബാരൽ വില ക്രമ വിരുദ്ധമായി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നു.

ഗ്രാമ പഞ്ചായത്തിൽ തൻവർഷം നടപ്പാക്കിയിട്ടുള്ള റോഡ് പ്രവൃത്തികളിൽ നിന്നുള്ള ബിറ്റുമിൻ ബാരൽ വില അസി.എഞ്ചിനിയർ ബില്ലിൽ നിന്നും കുറവ് ചെയ്ത് സെക്രട്ടറിയുടെ പേരിലുള്ള ടി.എസ്.ബി. അക്കൗണ്ടിലേയ്ക്കാണ് ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. ഇത് ക്രമപ്രകാരമല്ല. ടി ഇനത്തിലുള്ള തുകകൾ ഏതു

ഫണ്ടുപയോഗിച്ചാണോ പ്രവൃത്തി ചെയ്തത് ആ ഫണ്ടിലേയ്ക്കും, ജി.എസ്.ടി തുക ബന്ധപ്പെട്ട ഹെഡിലേയ്ക്കും തിരിച്ചടയ്ക്കേണ്ടതാണ്. മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.10/20-21/13.12.21)അസി. എഞ്ചിനിയർ ലഭ്യമാക്കിയ മറുപടിയിൽ കളക്ഷൻ ചാർജ്ജ് ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അപാകത പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് ടി ഇനത്തിൽ നൽകിയ തുക കണക്കാക്കി ബന്ധപ്പെട്ട ഫണ്ടിൽ ഒടുക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 1-37 നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന കരാറുകാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയില്ല.

2012 ലെ പി.ഡബ്ല്യു.ഡി. മാന്വൽ സെക്ഷൻ 2112-1പ്രകാരം കരാർ പ്രവർത്തി നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കാത്തപക്ഷം നിർദ്ദിഷ്ട പൂർത്തീകരണ കാലാവധിക്കുമുൻപ് തന്നെ കരാറുകാരൻ രേഖാമൂലം കാലദൈർഘ്യത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതും അപേക്ഷ പരിശോധിച്ച് തക്കതായ കാരണമുള്ളപക്ഷം സമയം ദീർഘിപ്പിക്കാവുന്നതുമാകുന്നു. ഇത് ഒറ്റത്തവണ ഒറിജിനൽ സമയത്തിന്റെ 25% അധികരിക്കാൻ പാടില്ല. ഇപ്രകാരം കാലാവധിയുടെ 50% വരെ പരമാവധി സമയം ദീർഘിപ്പിച്ചു നൽകാവുന്നതാണ്. ഇത് ആദ്യ തവണ പി.എ.സി യുടെ 1% നിരക്കിലും (കുറഞ്ഞത് 1,000/-രൂപ പരമാവധി 50,000/-രൂപ) രണ്ടാം തവണ പി.എ.സി യുടെ 2% നിരക്കിലും (കുറഞ്ഞത് 2,000/-രൂപ പരമാവധി 100,000/-രൂപ) പിഴ ഈടാക്കി സപ്ലിമെന്ററി എഗ്രിമെന്റ് ചമക്കേണ്ടതാണ്. അതുപോലെ സെക്ഷൻ 2116.1 അനുസരിച്ച് യഥാർത്ഥ /ദീർഘിപ്പിച്ച പൂർത്തീകരണ കാലാവധി കഴിഞ്ഞാണ് പ്രവർത്തി പൂർത്തീകരിക്കുന്നതെങ്കിൽ അധികകാലത്തിന് പ്രതിവാരം PAC യുടെ 0.1% നിരക്കിൽ (പരമാവധി 10%) കോമ്പൻസേഷനും ഈടാക്കേണ്ടതാണ്. എന്നാൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവർത്തി പൂർത്തീകരിക്കാതിരുന്ന താഴെ പറയുന്ന പ്രവൃത്തിയുടെ കരാറുകാരിൽ നിന്നും നിയമാനുസൃത നിരക്കിലുള്ള പിഴ ഈടാക്കാതെയാണ് തുക നൽകിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര്, കരാറുകാരൻ , പി.എ.സി. | കരാർ തീയതി, കാലാവധി, കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി | പ്രവൃത്തി പൂർത്തീകരിച്ച തീയതി. | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|---|---|
| 1 | പനിച്ചയം കനാൽ ബണ്ട് റോഡ് കോൺക്രീറ്റിംഗ് (115/20) ശ്രീ.സി.എ.അസീസ് പി.എ.സി- 418663/- എം.ബുക്ക് - 109/20-21 ബിൽ - 63/21.1.21 | 27.11.2019 5 മാസം 26.04.2020 | 21.10.2020 | 18421 (3+1.4%) |
| 2 | അങ്കണവാടികളുടെ അറ്റകുറ്റപ്പണി (73/20) ശ്രീ.പി.പി.സലിംകുമാർ പി.എ.സി- 842939/- എം.ബുക്ക് - 203/19-20, 138/20-21 ബിൽ - 78/26.3.21 | 24.1.20 6 മാസം 23.7.20 (31.8.20)* | 5.3.21 | 36246 (3+1.3%) |
| | ആകെ | | | 54667 |
| | | | | |

കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തിയാക്കുകയോ, പൂർത്തീകരണ കാലയളവ് ദീർഘിപ്പിച്ച് നൽകുന്നതിനായി അപേക്ഷ സമർപ്പിക്കുകയോ സപ്ലിമെന്ററി എഗ്രിമെന്റ് തയ്യാറാക്കുകയോ ചെയ്തിട്ടില്ല. പ്രവർത്തി പൂർത്തീകരണ കാലതാമസ്സം സംബന്ധിച്ച് ബന്ധപ്പെട്ട അസി.എഞ്ചിനിയർ റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

ക്രമ നം.(1) പ്രകാരമുള്ള പ്രവൃത്തി ആരംഭിച്ചത് തന്നെ 23.9.20 ലാണ് (ആദ്യ അളവ് രേഖപ്പെടുത്തിയ തീയതി) അതായത് കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി കഴിഞ്ഞ് 5 മാസത്തിന് ശേഷം മാത്രമാണ് പ്രവൃത്തി ആരംഭിച്ചത് തന്നെ. പ്രവൃത്തി പൂർത്തീകരിക്കാൻ ഒരു മാസത്തെ കാലയളവ് തന്നെ ധാരാളമായിരുന്നു.

*ക്രമ നം.(2) പ്രസ്തുത പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് 11.2.20 ലെ 2-1 കമ്മറ്റി തീരുമാന പ്രകാരം അംഗീകരിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. ആയത് പ്രകാരം ഫെബ്രുവരി മാസം പൂർണ്ണമായി കുറവ് ചെയ്താലും 31.8.20 ൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.26/20-21 /21.12.21) നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടില്ല. പിഴ ഇനത്തിൽ ഈടാക്കേണ്ട 54667/- രൂപ കരാറുകാരിൽ നിന്നും ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 1-38 ഗ്രാമ പഞ്ചായത്തിലെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ-ഒരവലോകനം.

പഞ്ചായത്ത് തലത്തിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി ഓരോ വാർഡിൽ നിന്നും 10 യൂത്ത് വോളന്റിയർമാർ ഉൾപ്പെടെ 130 പേർക്ക് പരിശീലനം നല്കിയിട്ടുണ്ട്. ആയതിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടുള്ള മീറ്റിങ്ങുകൾ പഞ്ചായത്ത് തലത്തിൽ കൂടിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്ത് തലത്തിൽ പ്രത്യേക പരിഗണന നൽകേണ്ടുന്നവരുടെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി 5 അംഗങ്ങളെ ഉൾപ്പെടുത്തി 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം, കോവിഡ് വാർറൂം, ഹെൽപ്പ് ഡെസ്ക് എന്നിവ രൂപീകരിച്ചിട്ടുള്ളതും, ആയതിന്റെ പ്രവർത്തനങ്ങൾക്കായി തനത് ഫണ്ടിൽ നിന്നോ, വികസന ഫണ്ടിൽ നിന്നോ തുകയൊന്നും തന്നെ ചെലവഴിച്ചിട്ടില്ലായെന്നും, തികച്ചും സന്നദ്ധസേനാ പ്രവർത്തകരേയും യുവജനസേനാ പ്രവർത്തകരേയും ഉൾക്കൊള്ളിച്ചാണ് ഇവ പ്രവർത്തിക്കുന്നതെന്നും അറിയിച്ചിട്ടുണ്ട്. ഓഡിറ്റ് വേളയിൽ ആയത് പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ഏകീകരിക്കുന്നതിനും പഞ്ചായത്ത് കമ്മറ്റികൾ ഓൺലൈനായും ഓഫ്ലൈനായും നിയമപ്രകാരമുള്ള ഇടവേളകളിൽ സമ്മേളിച്ചിട്ടുള്ളതാണ്.

ഗുരുതര രോഗം ബാധിച്ചവരുടെ പരിചരണത്തിനായി പാലിയേറ്റീവ് പ്രവർത്തനം പഞ്ചായത്തിൽ സജീവമായതിനാൽ സുലേഖ വഴി പ്രത്യേകം പ്രോജക്റ്റ് ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടില്ലെന്ന് അറിയിച്ചിട്ടുണ്ട്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്തനായി വാർഡ് തല മോണിറ്ററിംങ് കമ്മറ്റി രൂപീകരിച്ചിട്ടുള്ളതും, വാട്ട്സ് ആപ് ഗ്രൂപ്പ് രൂപീകരിച്ച് ആയതിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചിട്ടുണ്ട്. ആയതിന്റെ പ്രവർത്തനങ്ങൾ തൃപ്തികരവുമാണ്. പഞ്ചായത്ത് തലത്തിൽ ഫസ്റ്റ് ബെൽ പഠന കേന്ദ്രങ്ങൾ ആവിഷ്കരിക്കുകയോ, ആയതിന്റെ പ്രവർത്തനങ്ങൾക്കായി ലൈബ്രറികളോ, അങ്കണവാടികളോ, കമ്മ്യൂണിറ്റി ഹാളുകളോ ഉപയോഗപ്പെടുത്തിയിട്ടുമില്ല. കോവിഡ് ഒന്നാം തരംഗത്തിൽ എഫ്.എൽ.ടി.സി.യും രണ്ടാം തരംഗത്തിൽ ഡി.സി.സിയും പഞ്ചായത്തിലെ കെ.എം.പി കോളേജ് പൂമലയിൽ പ്രവർത്തിച്ചിരുന്നു. ആയതിലേക്കാവശ്യമായ മെഡിക്കൽ ഉപകരണങ്ങളും രോഗികൾക്ക് ആവശ്യമായ മറ്റ് അടിസ്ഥാനസൗകര്യങ്ങളും ഒരുക്കിക്കൊടുത്തിട്ടുണ്ട്. അതിഥി തൊഴിലാളികൾക്കായി പ്രത്യേകം ഭക്ഷ്യക്കിറ്റ് ഏർപ്പാടാക്കിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

കുടുംബശ്രീ മൈക്രോ സംരംഭകയുണിറ്റ് വഴി ഒരു കമ്മ്യൂണിറ്റി കിച്ചൺ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചിരുന്നു. കുടുംബശ്രീ മുഖേന നടത്തി വന്ന ഈ ജനകീയ ഹോട്ടൽ വഴി ഡി.സി.സി.യിലേക്ക് ഭക്ഷണം എത്തിക്കുകയും ചെയ്തിട്ടുണ്ട്. വാർഡ് തലത്തിൽ ഉപയോഗിക്കുന്നതിന് ആർ.ആർ ടീമിനും, ആശപ്രവർത്തകർക്ക് പഞ്ചായത്ത് മുഖേന പൾസ് ഓക്സീമീറ്ററുകൾ എന്നിവ മെഡിക്കൽ ഓഫീസർ വിതരണം ചെയ്തിട്ടുണ്ടെന്നും ആയതിന്റെ സ്റ്റോക്ക് രജിസ്റ്റർ പഞ്ചായത്ത് തലത്തിൽ സൂക്ഷിച്ചിട്ടുള്ളതുമാണെന്നും അറിയിച്ചിട്ടുണ്ട്.

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി നാളിതുവരെ സ്റ്റേറ്റ് ഡിസാസ്റ്റർ റിലീഫ് ഫണ്ടിൽ നിന്നും ധനസഹായമായി തുകയൊന്നും ലഭിച്ചിട്ടില്ല. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി 2020-21 സാമ്പത്തിക വർഷം 33,18,168 ലക്ഷം രൂപ (വികസന ഫണ്ട് 99396 രൂപ, തനത് ഫണ്ട് 32,18,772 രൂപ) ചെലവഴിച്ചിട്ടുള്ളതാണ്. അശമന്നൂർ ഗ്രാമപഞ്ചായത്തിൽ നാളിതുവരെ 3711കോവിഡ് പോസിറ്റീവ് രോഗികൾ ഉണ്ടായിട്ടുള്ളതും അതിൽ 14 പേർ കോവിഡ് മൂലം മരണപ്പെടുകയും ചെയ്തിട്ടുണ്ട്. കോവിഡ് വ്യാപനം രൂക്ഷമായ 2021 മെയ്യ് മാസത്തിലെ കമ്മറ്റികളിൽ ഓൺലൈനായും, കൂടാതെ എല്ലാ പ്രതിമാസ കമ്മറ്റികളിലും കോവിഡ് പ്രത്യേക അജണ്ടയായി ചേർത്ത് പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ഏകീകരിക്കുകയും ചെയ്ത് വരുന്നുണ്ട്.

1-39 ഓഡിറ്റ് ഇംപാക്ട്

2019-20 സാമ്പത്തിക വർഷത്തിൽ 46/2019-20 നമ്പറിൽ ആരംഭിച്ച ഈ പ്രോജക്ട് 2020-21സാമ്പത്തിക വർഷത്തിൽ 24/20-21പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് എന്ന പ്രോജക്ടിൽ ഉൾപ്പെടുത്തി 17ഗുണഭോക്താക്കൾക്ക് ഒന്നിന് 27489/- രൂപ വീതം വിലയുള്ള ലാപ്പ്ടോപ്പ് നൽകിയിട്ടുണ്ട്. 1959 ലെ സ്റ്റാമ്പ് ആക്ട് പ്രകാരം (കേരള ഫിനാൻസ് ബിൽ 2013 പതിമൂന്നാം നിയമസഭയുടെ ബില്ല് 212) 200/- രൂപ മുദ്രപത്രത്തിൽ ഗുണഭോക്താക്കളുമായി കരാറിൽ ഏർപ്പെടേണ്ടതായിരുന്നു. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 14.02.2018 ലെ സർക്കാർ ഉത്തരവ് നം (കൈ) 22/2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിലെ 2.15 ക്ലോസനുസരിച്ച് 25000 രൂപയ്ക്ക് മുകളിലുള്ള എല്ലാ വ്യക്തിഗത ആനുകൂല്യങ്ങളും അനുവദിക്കുമ്പോൾ ഗുണഭോക്താവുമായി കരാറിൽ ഏർപ്പെടണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ മേൽ സൂചിപ്പിച്ച പദ്ധതിയിലെ 7 ഗുണഭോക്താക്കളുമായും നിർവ്വഹണോദ്യോഗസ്ഥൻ കരാറിൽ ഏർപ്പെട്ടിട്ടില്ല. ആയതിനാൽ സർക്കാരിന് സ്റ്റാമ്പ് ഡ്യൂട്ടിയിനത്തിൽ ലഭിക്കേണ്ടിയിരുന്ന (17x200 = 3400) 3400/-രൂപ നഷ്ടം സംഭവിച്ചിട്ടുള്ളതിന് വിശദീകരണം ആവശ്യപ്പെട്ടതിന് പ്രസ്തുത തുകയ്ക്കുള്ള സ്റ്റാമ്പ് പേപ്പർ ബന്ധപ്പെട്ട ഫയലിൽ ചേർത്ത് നിർവ്വഹണോദ്യോഗസ്ഥൻ മറുപടി സഹിതം ഹാജരാക്കി.

2) 18/20-21പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് പ്രോജക്ടിൽ ഉൾപ്പെടുത്തി 6ഗുണഭോക്താക്കൾക്ക് ഒന്നിന് 28165/- രൂപ വീതം വിലയുള്ള ലാപ്പ്ടോപ്പ് നൽകിയിട്ടുണ്ട്. 1959 ലെ സ്റ്റാമ്പ് ആക്ട് പ്രകാരം (കേരള ഫിനാൻസ് ബിൽ 2013 പതിമൂന്നാം നിയമസഭയുടെ ബില്ല് 212) 200/- രൂപ മുദ്രപത്രത്തിൽ ഗുണഭോക്താക്കളുമായി കരാറിൽ ഏർപ്പെടേണ്ടതായിരുന്നു. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 14.02.2018 ലെ സർക്കാർ ഉത്തരവ് നം (കൈ) 22/2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിലെ 2.15 ക്ലോസനുസരിച്ച് 25000 രൂപയ്ക്ക് മുകളിലുള്ള എല്ലാ വ്യക്തിഗത ആനുകൂല്യങ്ങളും അനുവദിക്കുമ്പോൾ ഗുണഭോക്താവുമായി കരാറിൽ ഏർപ്പെടണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ മേൽ സൂചിപ്പിച്ച പദ്ധതിയിലെ 6 ഗുണഭോക്താക്കളുമായും നിർവ്വഹണോദ്യോഗസ്ഥൻ കരാറിൽ ഏർപ്പെട്ടിട്ടില്ല. ആയതിനാൽ സർക്കാരിന് സ്റ്റാമ്പ് ഡ്യൂട്ടിയിനത്തിൽ ലഭിക്കേണ്ടിയിരുന്ന (6x200 = 1200) 1200/-രൂപ നഷ്ടം സംഭവിച്ചിട്ടുണ്ടെന്ന് കാട്ടി നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് 6 ഗുണഭോക്താക്കളിൽ നിന്നും മുദ്രപേപ്പർ വാങ്ങി ഫയിൽ ചേർത്ത് കോപ്പി സഹിതം ഓഡിറ്റിന് നിർവ്വഹണോദ്യോഗസ്ഥൻ ഹാജരാക്കി.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 ഓവർഹെഡ് ചാർജ്ജിനത്തിൽ കൺവീനർക്ക് അധിക തുക നൽകി

സർക്കാർ ഉത്തരവ് നം. 30/2016/ധന തീ:29.02.2016 പ്രകാരം ഗുണഭോക്തൃകമ്മിറ്റികൾ വഴി നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് 7.5% ഓവർഹെഡ് ചാർജ്ജ് നൽകാമെന്നും ടി പ്രവൃത്തികൾക്ക് ആവശ്യമായ നികുതികൾ ടി ഗുണഭോക്തൃകമ്മിറ്റികളിൽ നിന്നും ഈടാക്കണമെന്നും വ്യവസ്ഥ ചെയ്തിരുന്നു. 01.07.2017 മുതൽ വാറ്റിനു പകരം ജി.എസ്.ടി നിലവിൽ വന്നതിനാൽ വാറ്റ് ഒടുക്കേണ്ടതില്ലെന്നും പ്രസ്തുത വാറ്റിനത്തിലുള്ള 5% തുക കുറവ് ചെയ്ത് ബിൽ നൽകിയാൽ മതിയാകുന്നതാണെന്നും 16.03.2018-ലെ ഡി.ബി.3/9058/17/സിഇ/തസ്വഭവ കത്ത് പ്രകാരം തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയർ സ്പഷ്ടീകരണം നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ ഗുണഭോക്തൃകമ്മിറ്റി വഴി നടപ്പിലാക്കിയ താഴെ പറയുന്ന പ്രവൃത്തിയിൽ ഓവർഹെഡ് ചാർജ്ജിനത്തിൽ 7.5% വർദ്ധനയാണ് നൽകിയിട്ടുള്ളത്. (പ്രൈസ് ലിസ്റ്റ് പ്രകാരം തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റിൽ 7.5% ഓവർഹെഡ് ചാർജ്ജാണ് അനുവദിച്ചിരുന്നത്) എന്നാൽ ഇതിൽ നിന്നും 5% കുറവ് വരുത്താതെ ബിൽ തയ്യാറാക്കിയതു മൂലം കൺവീനർക്ക് അധിക തുക നൽകിയതായി കാണുന്നു. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ | പ്രോജക്ട് വിശദവിവരം | ഒ.എച്ച് 7.5% | 5% കിഴിവ് | ആകെ | അധികം |
|---|---|---|---|---|---|

| നം. | | ഉൾപ്പെടുത്തിയ പ്രവൃത്തി മൂല്യം | വരുത്തിയതിനു ശേഷമുള്ള തുക | ചെലവഴി ക്കാവുന്ന തുക | ചെലവഴിച്ച തുക |
|---|---|---|---|---|---|
| 1 | അശമന്നൂർ ഗവ.യു.പി സ്കൂൾ പുതിയ ക്ലാസ്സ് റൂം നിർമ്മാണം (72/20) കൺവീനർ - ശ്രീ.ബാബു.എം.എസ്. എം. ബുക്ക് - 209,211/19-20 പ്രവൃത്തി മൂല്യം -1770527/- ബിൽ നം. 56/12.11.20 58/12.11.20, 76/23.2.21 | 1770527 | 1682001 (1770527-88526) | 1682001 | 88526 |

മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.22/20-21/20.12.21) നിർവ്വഹണ ഉദ്യോഗസ്ഥയായ അസി.എഞ്ചിനിയർ മറുപടി ലഭ്യമാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ അധികം ചെലവഴിച്ച 88526/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. കൺവീനർക്ക് അധികം നൽകിയ തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-2 വികസന ചരിത്രം -ഡോക്യുമെന്ററി തയ്യാറാക്കൽ- അനുവദീയമായതിലുമധികം തുക ചെലവഴിച്ചു.

സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഭരണസമിതികളുടെ ബഹുതലത്തിലുള്ള വിവിധ വികസന ക്ഷേമപ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് വീഡിയോ ഡോക്യുമെന്ററി നിർമ്മിക്കുന്നതിന് തനത്ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് 28/02/2020 ലെ സർക്കാർ ഉത്തരവ് (സാധാ) നം.501/2020 /തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്, 04/08/2020 ലെ സർക്കാർ ഉത്തരവ് (സാധാ) നം.1452/2020 /തദ്ദേശസ്വയംഭരണ (എഫ്.എം)വകുപ്പ് ഉത്തരവുകൾ വഴി അനുവദിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകൾക്ക് പരമാവധി ഒരു ലക്ഷം രൂപയാണ് ഈയിനത്തിൽ ചെലവഴിക്കാൻ അനുവാദമുള്ളത്. എന്നാൽ അശമന്നൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി നടപ്പിലാക്കിയ വികസന ചരിത്രം – ഡോക്യുമെന്ററി തയ്യാറാക്കൽ പദ്ധതിക്ക് (പ്രോജക്ട് നം-201/2021) തനത് ഫണ്ടിൽ നിന്നും 3,00,000 രൂപ കരാറുകാരനായ ശ്രീ.സന്തോഷ് തോമസ്, ഉദയ സ്റ്റുഡിയോ എന്നയാൾക്ക് നൽകിയിട്ടുണ്ട്. ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | തുക |
|---|---|---|
| 01 | പ്രിന്റിംഗ് ചാർജ്ജ് | 130000 |
| 02 | ഷൂട്ടിംഗ് ചാർജ്ജ് | 90000 |
| 03 | എഡിറ്റിംഗ് ചാർജ്ജ് | 60000 |
| 04 | ഹെലികാം ചാർജ്ജ് | 15000 |
| 05 | സ്ക്രിപ്റ്റ് റൈറ്റിംഗ് | 10000 |
| 06 | ഓഡിയോ റെക്കോർഡിംഗ് | 8000 |
| | ആകെ | 3,00,000 |

സർക്കാർ അനുവദിച്ചതിന്റെ മൂന്നിരട്ടി തുകയാണ് പദ്ധതി പ്രകാരം ചെലവഴിച്ചത്. ഇതിന് സർക്കാരിൽ നിന്നും പ്രത്യേക അനുമതി വാങ്ങിയിട്ടുണ്ടെങ്കിൽ രേഖകൾ ഹാജരാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയതിന് (നം -തിയതി 10/12/2021) നൽകിയ മറുപടിയിൽ പദ്ധതിയിൽ വന്ന അധികചെലവ് സാധൂകരിച്ച് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി,സർക്കാർ എന്നിവിടങ്ങളിൽ നിന്നും അനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമെന്ന 23/10/2020 ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനപ്രകാരമാണ് സെക്രട്ടറി തുക അനുവദിച്ചതെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ അധികം ചെലവഴിച്ച തുകക്ക് സർക്കാർ, വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി എന്നിവിടങ്ങളിൽ

നിന്നുള്ള അനുമതി ഇതുവരെ ലഭ്യമാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമല്ലാതെ അധികം ചെലവഴിച്ച 2,00,000/-രൂപയുടെ ചെലവ് നിരാകരിക്കുന്നു. സർക്കാരിൽ നിന്നോ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയിൽ നിന്നോ ചെലവ് സാധൂകരിച്ച് അനുമതി ലഭ്യമാകുന്നമുറക്ക് വിവരം ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട് പരിശോധന നടത്തിയിട്ടുള്ളത് | | |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 2320000 | ലൈഫ് ജനറൽ (P-185/21 &156/21) | 2320000 |
| | ആകെ | 2320000 | | 2320000 |

2.സംയുക്ത പദ്ധതികൾ- നേരിട്ട് ചെലവഴിച്ച തുക

| സ്ഥാപനം | പദ്ധതിയുടെ പേര് & നം | വരവ് തുക | ചെലവഴിച്ച തുക |
|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | ലൈഫ് -ഭൂമി വാങ്ങൽ 174/2021 | 101802 | 101802 |
| | ലൈഫ് - 156/2021 | 10,00,000 | 10,00,000 |
| | സ്കോളർഷിപ്പ് 100/2021 | 3,00,000 | 300000 |
| | ലൈഫ് -186/2021 | 258824 | 258824 |
| | കൂലിച്ചെലവ് സബ്സിഡി P-140/2021 | 281312 | 281312 |
| | ലൈഫ് -163/2021 | 80,000 | 80,000 |
| | ആകെ | 2021938 | 2021938 |
| ജില്ലാ പഞ്ചായത്ത് | പാലിന് സബ്സിഡി P-25/2021 | 89000 | 89000 |
| | ലൈഫ് -ഭൂമി വാങ്ങൽ 174/2021 | 1600000 | 1600000 |
| | ലൈഫ് -ഭൂമി വാങ്ങൽ 163/2021 | 600000 | 600000 |

| | | | |
|---|---|---|---|
| | സ്കോളർഷിപ്പ് 100/2021 | 300000 | 300000 |
| | ലൈഫ് 163/2021 | 200000 | 200000 |
| | കൂലിച്ചെലവ് സബ്സിഡി P-23/2021 | 227307 | 227307 |
| | പാലിന് സബ്സിഡി P-59/2021 156/2021 | 55000 | 55000 |
| | ലൈഫ് ഭവനം ഭൂമി വാങ്ങൽ -SC (232/2021) | 225000 | 225000 |
| ആകെ | | 3296307 | 3296307 |

ആകെ ബ്ലോക്ക് പഞ്ചായത്ത് വിഹിതം ചെലവ് - റവന്യൂ- Rs.4341938/-
ആകെ ജില്ലാപഞ്ചായത്ത് വിഹിതം ചെലവ് -റവന്യൂ- Rs.3296307/- (നേരിട്ടുള്ള ചെലവ് മാത്രം)

## 4-3 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ P-57/21 | 22000969 Dtd 12/04/20 | 190000 | 0 | 190000 |
| " | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ P-54/21 | 22000969 Dtd 12/04/20 | 100000 | 0 | 100000 |
| " | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ P-19/21 | 22000976 Dtd 12/05/20 | 270000 | | 270000 |
| | ആകെ | | 560000 | 0 | 560000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ /വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 8966000/-രൂപ വരവുണ്ട്. 2020-21 വർഷം വായ്പ തിരിച്ചടച്ചതിന്റെയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | റിമാർക്സ് |
|---|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | | |
| KURDFC ഭവന വായ്പ -ലൈഫ് | ജി ഒ (എം എസ്) 68/018/ തസ്വഭവ തി 18.5.2018 | 8966000 | 4237647 | 380313 | 0 | 12823334 | |

ലോൺ (ലൈഫ് ഭവനപദ്ധതി) പൊതുവിഭാഗത്തിൽ 321804/-രൂപയും ലോൺ (ലൈഫ് ഭവനപദ്ധതി) എസ്.സി വിഭാഗത്തിൽ 58509/-രൂപയും ഉൾപ്പെടെയുള്ള ജി.ഒ പ്രൊജക്ടുകൾക്കുവേണ്ടി മാറ്റിയ തുകയാണ് KURDFC ഭവന വായ്പ തിരിച്ചടവായി ചേർത്തിരിക്കുന്നത്.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തുകയൊന്നും ലഭിച്ചിട്ടില്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 -ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 2-6 | 2005-06 | 37.1 | ഇല്ലത്തുപ്പടി ശുദ്ധജല പദ്ധതി മുൻകൂർ തുക തിരിച്ചു പിടിക്കാത്തത് | ഓഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക സമർപ്പിച്ചു. |
| 1999-00 | 2-8 | 2005-06 | 37.2 | വനിത ഫിഷ് മാർക്കറ്റിന് ഫ്രിഡ്ജ് , ഫ്രീസർ വാങ്ങിയത് ഉപയോഗശൂന്യമായത് | -ടി- |
| 1999-00 | 2-9 | 2005-06 | 37.3 | വിവരവിനിമയ സാങ്കേതിക സർവ്വേ പദ്ധതി ലക്ഷ്യം കൈവരിക്കാത്തത് | -ടി- |
| 1999-00 | 2-10 | 2005-06 | 37.4 | ലിഫ്റ്റ് ഇറിഗേഷൻ | -ടി- |

## 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 105935589 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 93572574 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 288526 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1672879 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-1 | | 88526 | ശ്രീമതി.ശ്രീപ്രിയ, അസി.എഞ്ചിനിയർ |
| 3-2 | | 200000 | ശ്രീമതി.ഉദയ കെ,സെക്രട്ടറി & ഭരണസമിതി അംഗങ്ങൾ |
| ആകെ | | 288526 | |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 100000 | ശ്രീമതി.ജാസ്മിൻ അഹമ്മദ് എൻ., അസി. സെക്രട്ടറി |
| 1-23 | 1058246 | ശ്രീമതി.ഉദയ കെ, സെക്രട്ടറി |
| 1-24 | 115136 | ശ്രീമതി.ഉദയ കെ, സെക്രട്ടറി |
| 1-29 | 399497 | ശ്രീമതി.ഉദയ കെ, സെക്രട്ടറി |
| ആകെ | **1672879** | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-26 | 46788 | ശ്രീമതി.ഉദയ കെ, സെക്രട്ടറി |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ഉദയ കെ,സെക്രട്ടറി | സെക്രട്ടറി, പാമ്പാക്കുട പഞ്ചായത്ത്, മൂവാറ്റുപുഴ | അളകാപുരി ഹൌസ് സൌത്ത് മാറാടി മൂവാറ്റുപുഴ |
| ശ്രീമതി,ശ്രീപ്രിയ,അസി.എഞ്ചിനിയർ | അസി.എഞ്ചിനിയർ, അശമന്നൂർ | മേലേടത്ത് കീർത്തനം ഹൌസ് ഗ്രീൻ ഗാർഡൻസ്, പുല്ലുവഴി |
| ശ്രീ.സുനിൽ | | വടക്കുന്നത്ത്,ചെറുകുന്നം, അശമന്നൂർ പി.ഒ 683549 |
| അഡ്വ. ചിത്ര ചന്ദ്രൻ | | പോക്കാപ്പിള്ളി വീട് , അശമന്നൂർ പി.ഒ പുന്നയം 683549 |
| ശ്രീ.പി.ഒ ജെയിംസ് | | പുല്ലൻ വീട് , നെടുങ്ങപ്രപി.ഒ |
| ശ്രീമതി.ലളിത കുമാരി മോഹനൻ | | ചെറുവള്ളിപ്പടി വീട് , നെടുങ്ങപ്ര പി.ഒ പയ്യാൽ 683545 |
| ശ്രീ.എൻ.പി ശിവൻ | | നടുവത്തുകുടി വീട് , പനിച്ചയം നെടുങ്ങപ്ര പി.ഒ,683545 |
| ശ്രീ.എൻ.എം.സലിം | | നരീക്കാമറ്റം വീട് ,അശമന്നൂർ പി.ഒ ഓടക്കാലി |
| ശ്രീ.സജീഷ് ഇ.എൻ | | എടയാക്കുടി വീട് , അശമന്നൂർ പി.ഒ നൂലേലി, 683549 |
| ശ്രീമതി.ലൈല അബ്ദുൾഖാദർ | | ഇഞ്ചക്കുടി വീട് , അശമന്നൂർ പി.ഒ ഏക്കുന്നം |
| ശ്രീമതി.ബിന്ദു ബെസി | | കുന്നത്താൻ വീട് ,മേതല പി.ഒ മേതല 683545 |
| ശ്രീമതി.അനിത ജയൻ | | പടിഞ്ഞാറെശ്ശേരി വീട്,മേതല പി.ഒ മറ്റം 683545 |
| ശ്രീമതി.ബിന്ദു പ്രസന്നൻ | | ചാത്തനാട് വീട് ,മേതല പി.ഒ 683545 |
| ശ്രീമതി.അമ്പിളി രാജൻ | | രാമൻ ചിറങ്ങര,മേതല പി.ഒ കുറുപ്പുംപടി 683545 |
| ശ്രീമതി.ബിന്ദു നാരായണൻ | | പള്ളിപ്പുറം വീട്, നെടുങ്ങപ്ര പി.ഒ പനിച്ചയം |
| ശ്രീമതി.ഹണിത്ത് | | പ്ലാമൂട്ടിൽ വീട്, അശമന്നൂർ പി.ഒ പുന്നയം |
| ശ്രീമതി ജാസ്മിൻ അഹമ്മദ് എൻ., | അസിസ്റ്റന്റ് സെക്രട്ടറി | നെല്ലിക്കൽ ഹൗസ്, മുടിക്കൽ പി.ഒ. പെരുമ്പാവൂർ, എറണാകുളം |

## 4-11 തീർപ്പാക്കുവാനവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1998-99 | LFE(P2)139(3)/11dt.19.5.11 |
| 1999-00 | LFE(P2)1395(36)/11dt.19.5.11 |
| 2004-05 | KSA-EKM(P2)719/15 Dt.22.09.15 |

| | |
|---|---|
| 2005-06 | LFE(P2)1272/09dt.1.6.2011 |
| 2006-07 | LFE(P2)1273/11dt.8.3.2010/7.6.10 |
| 2007-08 | LFE(P2)2034/12dt.5.3.2013 |
| 2008-09 | LFE(P2)2035/12dt.6.3.2013 |
| 2009-10 | LFE(P2)2035/15dt.21.1.2016 |
| 2010-11 | LFE(P2)2035/15dt.21.1.2016 |
| 2011-12 | LFE(P2)2035/15dt.21.1.2016 |
| 2012-13 | LFE(P2)985/15dt.22.4.2015 |
| 2013-14 | LFE(P2)985/15dt.22.4.2015 |
| 2014-15 | LFE(P2)1190/16dt.20.7.2016 |
| 2015-16 | KSA EKM(P2)2121/16dt.13.12.2016 |
| 2016-17 | KSA EKM(P2)2210/17 Dt.30.11.2017/ 16.12.2017 |
| 2017-18 | KSA EKM(P2)226/19 Dt.11.03.2019 |
| 2018-19 | KSA EKM(P2)729/2021 Dt.30.06.21/05.07.21 |
| 2019-20 | KSA EKM(P2)1912/2021 Dt.21.12.21./ |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ല

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ അശമന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ അശമന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്